# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.14 No.8 കാർത്തികപ്പള്ളി R.No. 7361/02 2014 AUGUST

e-paper : vedabhimani


## ടെക് കുപ്പായം



ശരീരത്തിന്റെയും മനസിന്റെയും ഫിറ്റ്നസ് വർധിപ്പിക്കാനും ടെക്നോളജി. ഭക്ഷണക്രമ നിയന്ത്രണത്തിനും വിനോദ നിർണയത്തിനുമെല്ലാം ചില വെയറബിൾ (ധരിക്കുന്ന) ടെക്നോളജി ഉപയോഗിക്കുന്നുണ്ട്. എന്നാൽ ജോലിസ്ഥലത്ത് ഇവ ഉപയോഗിച്ച് എങ്ങനെ കാര്യക്ഷമത വർധിപ്പിക്കാമെന്ന ഗവേഷണമാണ് ഇതിൽ ഏറ്റവും പുതുമയുള്ളത്. യൂണിവേഴ്സിറ്റി ഓഫ് ലണ്ടനും റാക്സ്പേസും സഹകരിക്കുന്ന ഹ്യൂമൻ ക്ലൗഡ് അറ്റ് വർക്ക് എന്ന പരീക്ഷണ ഡിസൈൻ റിസർച്ച് പ്രസ്ഥാനമാണ് ഈ രീതിയിലുള്ള ഗവേഷണങ്ങൾക്ക് നേതൃത്വം നൽകുന്നത്. ചലനങ്ങളും പ്രവർത്തനങ്ങളും വിശകലനം ചെയ്യുന്നതിന് പ്രത്യേകം വികസിപ്പിച്ചെടുത്ത ഹൈ വെലോസിറ്റി ആക്സിലറോമീറ്റർ, തലച്ചോറിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള പോർട്ടബിൾ ബയോസെൻസർ, പ്രവർത്തനവും രീതികളും പരിശീലിപ്പിക്കുന്ന ലൂമോബാക്ക് എന്ന ഉപകരണം എന്നിവയാണ് ധരിക്കാവുന്ന സാങ്കേതിക വിദ്യയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇവ ധരിച്ച് ജോലിചെയ്യുന്നവരുടെ ഉത്പാദനക്ഷമത 8.5 ശതമാനവും ജോലിയിലുള്ള സംതൃപ്തി 3.5 ശതമാനവും വർധിക്കുന്നതായാണ് പ്രാഥമിക ഫലങ്ങൾ വ്യക്തമാക്കുന്നത്.

## സ്കൂട്ടർ സ്യൂട്ട്കേസ്



യാത്ര ചെയ്യുമ്പോൾ റെയിൽവേസ്റ്റേഷനുകളിലും എയർപോർട്ടുകളിലുമൊക്കെ ബാഗുകളും സ്യൂട്ട്കേസുകളും വലിച്ചുകൊണ്ട് നടക്കുന്നത് ഒരു ബുദ്ധിമുട്ടായി തോന്നിയിട്ടുണ്ടോ? എങ്കിലിതാ സ്കൂട്ടർ സ്യൂട്ട്കേസ് എത്തിയിരിക്കുന്നു. ചൈനാക്കാരനായ ഹി ലിയാംഗ്ഷായ് ആണ് ഇലക്ട്രിക് സ്യൂട്ട്കേസ് നിർമ്മിച്ചിരിക്കുന്നത്.

ഇതിൽ തുണികളും സാധനങ്ങളും വയ്ക്കുക മാത്രമല്ല ഉടമസ്ഥന് അതിലിരുന്ന് സഞ്ചരിക്കുകയും ചെയ്യാം. ആറ് കിലോഗ്രാമാണ് സ്കൂട്ടറിന്റെ ഭാരം. മണിക്കൂറിൽ ഇരുപത് കിലോമീറ്റർ വേഗതയിൽ യാത്ര ചെയ്യാവുന്നതാണ്. ബാറ്ററിയിൽ നിന്നാണ് ഇതിന് ഊർജ്ജം ലഭിക്കുന്നത്. ഒരുതവണ ചാർജ് ചെയ്താൽ അറുപത് കിലോമീറ്റർ വരെ ഓടിക്കാവുന്നതാണ്. രണ്ട് പേർക്ക് യാത്ര ചെയ്യാം. ജി.പി.എസ്. നാവിഗേഷനും ബർഗൽ അലാറവുമാണ് മറ്റ് പ്രത്യേകതകൾ. ഇലക്ട്രിക് സ്കൂട്ടറിലേക്ക് സ്യൂട്ട്കേസ് ഘടിപ്പിച്ചാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. സ്യൂട്ട്കേസിന്റെ മുകളിൽ യാത്രക്കാരന് ഇരിക്കാം. ഒരു വശത്തായി ഹാൻഡിലും ലഭ്യമാണ്. അതിൽ ആക്സിലറേറ്റർ, ബ്രേക്ക്, ലൈറ്റ് എന്നിവയുണ്ട്.

## ഇതാണ് സത്യസന്ധത

വാഹനത്തിൽ നിന്നു വീണുകിട്ടിയ ബാഗിലെ നോട്ടുകെട്ടുകൾ കണ്ട് ജോകാർണലിന്റെ കണ്ണുകൾ മഞ്ഞളിച്ചില്ല. 1.25 ലക്ഷം ഡോളർ (72.50 ലക്ഷം രൂപ) അടങ്ങിയ ബാഗാണ് ജോയ്ക്ക് വഴിയിൽ നിന്നു കിട്ടിയത്. വിശ്വസിക്കാനാകാതെ അൽപ്പസമയം നിന്നു. മനസ്സിൽ നന്മയും തിന്മയും ഒരുപോലെ പൊന്തിവന്നുവെന്നാണ് ജോ ഈ നിമിഷങ്ങളെക്കുറിച്ചു പറഞ്ഞത്. മനചാഞ്ചല്യം വരുന്നതിനു മുൻപ് വിവരം നേരെ പോലീസിനെ അറിയിച്ചു. സാൽവേഷൻ ആർമിയുടെ സാധാരണക്കാർക്കു വേണ്ടി പ്രവർത്തിക്കുന്ന കടയിലെ വെറുമൊരു ജോലിക്കാരനാണ് അമ്പത്തിരണ്ടുകാരനായ ജോ. അദ്ദേഹത്തിന്റെ സത്യസന്ധതയെ പണം നഷ്ടപ്പെട്ട കമ്പനി മാനിച്ചു. മുപ്പതിനായിരം രൂപ കാർണലിനും അത്ര തന്നെ തുക സാൽവേഷൻ ആർമിക്കും പാരിതോഷികം നൽകി.

# മാർപാപ്പായും നെതന്യാഹുവും തമ്മിൽ തർക്കം



ക്രിസ്തുവിന്റെ സംസാരഭാഷയുടെ പേരിൽ ഫ്രാൻസിസ് മാർപാപ്പയും ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമീൻ നെതന്യാഹുവും തമ്മിൽ തർക്കം. ജറുശലേമിൽ മാർപാപ്പയെ സ്വീകരിക്കുന്നതിനിടെ നെതന്യാഹു പറഞ്ഞ വാക്കുകളാണു തർക്കത്തിനു തുടക്കമിട്ടത്. "യേശു ഇവിടെയാണു ജീവിച്ചത്. അദ്ദേഹം ഹീബ്രുവിൽ സംസാരിച്ചു". ഉടൻതന്നെ മാർപാപ്പയുടെ തിരുത്തൽ എത്തി "അറാമെയ്ക്കിലാണു ക്രിസ്തു സംസാരിച്ചിരുന്നത്. അദ്ദേഹത്തിനു ഹീബ്രുവും അറിയാമായിരുന്നു."- മാർപാപ്പ പറഞ്ഞു. തർക്കങ്ങൾ ചെറുചിരിയിൽ അലിഞ്ഞുചേരുകയും ചെയ്തു. യേശുവിന്റെ കാലത്ത് ഇസ്രയേലിൽ ലാറ്റിൻ, ഗ്രീക്ക് ഭാഷകളും ഉപയോഗത്തിലുണ്ടായിരുന്നു. എന്നാൽ ഈ ഭാഷകൾ അദ്ദേഹം സംസാരിച്ചിരിക്കാൻ ഇടയില്ലെന്നാണു നിഗമനം.

## ഓൺലൈൻ കൂടോത്രം

ഓൺലൈൻ കൂടോത്ര തട്ടിപ്പുകളുമായി ഐ.ടി. പ്രഫഷണലുകൾ സജീവമാകുന്നു. മതങ്ങളുടെ പേരിൽ അരങ്ങേറുന്ന കൂടോത്രങ്ങളും അവയ്ക്കുള്ള മറുമരുന്നുമായി ഓൺലൈൻ വ്യാജ സന്യാസികൾ വിലസുകയാണ്. തട്ടിക്കൂട്ട് സൈറ്റുകൾ മുതൽ തികച്ചും പ്രഫഷണലായി നടത്തുന്ന മന്ത്രവാദസൈറ്റുകൾ വരെ സുലഭം. ജയ്പൂർ, ചെന്നൈ, കൊൽക്കത്ത, മുംബൈ എന്നിവിടങ്ങളിൽ നിന്നുള്ള മന്ത്രവാദികളാണ് ഓൺലൈൻ കൂടോത്രക്കാരിൽ ഏറെയും. കേരളത്തിലും ഇത്തരം വ്യാജ മന്ത്രവാദികൾ സജീവമാകുകയാണെന്നാണ് വിവരം. ലോട്ടറിനമ്പർ സ്പെഷലിസ്റ്റ്, പ്രണയ സ്പെഷലിസ്റ്റ്, വശീകരണം, ധനാകർഷണം, ബാധ ഒഴിപ്പിക്കൽ എന്നിങ്ങനെ ഒരുപിടി തട്ടിപ്പുമായാണ് സൈബർ മന്ത്രവാദികൾ കളത്തിലിറങ്ങിയിരിക്കുന്നത്. ഐ.ടി. പ്രഫഷണലുകളാണ് കൂടുതലായും കൂടോത്രപണിയുമായി രംഗത്തുള്ളത്.

ഓൺലൈൻ നിവാരണം ഉറപ്പുനൽകുന്ന സൈറ്റുകളിൽ പ്രവേശിച്ചാൽ ചാറ്റ് റൂമിലേക്ക് നിങ്ങളെ ക്ഷണിക്കുന്ന ലിങ്ക് പ്രത്യക്ഷപ്പെടും. അതിൽ തൊട്ടാൽ തട്ടിപ്പുകാർ ഉടനടി നിങ്ങളുമായി ചാറ്റ് ചെയ്യാനെത്തും. ഒരു ചോദ്യത്തിന് പത്തു ഡോളറാണ് ചാർജ്. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ സെക്കൻഡുകൾക്കകം കപട ആചാര്യൻ ചാറ്റ്റൂമിൽ വശീകരണമന്ത്രം പറയും. ഓൺലൈൻ സംശയനിവാരണ സൈറ്റുകൾ പലതരം സേവനങ്ങൾ നൽകുന്നുണ്ട്. ഏത് തരത്തിലുള്ള ആഭിചാരമാണ് വേണ്ടതെന്ന് അറിയിച്ചശേഷമാകും ചാറ്റുവഴി ഉപദേശം നൽകുന്നത്. എം.സി.എ. ഉയർന്ന മാർക്കിൽ പാസായ കൊച്ചിയിലെ ഐ.ടി.ക്കാരൻ പല സ്ഥാപനങ്ങളിലും ജോലി നോക്കി. പ്രതീക്ഷിച്ച വരുമാനം നേടാതെ വന്നപ്പോൾ ഓൺലൈൻ കൂടോത്രം ചെയ്യുന്ന വെബ്സൈറ്റ് തുടങ്ങി. ഇപ്പോൾ ഇന്റർനെറ്റിൽ പേരുകേട്ട ഓൺലൈൻ കൂടോത്രക്കാരനാണ് കക്ഷി.

## തെരുവിലെ വിശുദ്ധൻ



ദാരിദ്ര്യവും അഴിമതിയും കാർന്നു തിന്നുന്ന ബൾഗേറിയയിൽ ഭിക്ഷയെടുത്തു കിട്ടുന്ന പണം മുഴുവൻ പള്ളിക്കു സംഭാവന ചെയ്ത് നൂറു വയസുകാരൻ 'ഗാൻഡ്പാ ദോബ്രി.' കീറിപ്പറിഞ്ഞ കോട്ടും നീട്ടിയ വെള്ളത്താടിയുമൊക്കെയായി കഴിഞ്ഞ ഇരുപതു വർഷമായി സോഫിയ തെരുവിൽ കഴിയുകയാണ് ഗാൻഡ്പാ.

ആയിരക്കണക്കിനു യൂറോ ഭിക്ഷ കിട്ടുമെങ്കിലും അതെല്ലാം ബൾഗേറിയൻ സഭയ്ക്കു സംഭാവന നൽകുകയാണ്. തെരുവിൽ, ചില്ലറത്തുട്ടുകൾ സംഭാവന ചെയ്യുന്നവരുടെ കൈയിൽ മുത്തമിടാനും ഗാൻഡ്പാ മറക്കാറില്ല. 2009-ൽ മാത്രം 24900 ഡോളറാണ് സഭയ്ക്കു നൽകിയതെന്നു ബിഷപ് തികോൺ പറഞ്ഞു.

മറ്റു സ്ഥാപനങ്ങൾക്കും ഇദ്ദേഹത്തിൽനിന്നു പണം ലഭിച്ചിട്ടുണ്ട്. യൂറോപ്യൻ യൂണിയനിലെ ദരിദ്ര രാജ്യമായ ബൾഗേറിയയിൽ ശരാശരി പ്രതിമാസ വരുമാനം 420 യൂറോ ആയിരിക്കുമ്പോഴാണ് ഭിക്ഷയെടുത്തു കിട്ടുന്ന ആയിരങ്ങൾ ഗാൻഡ്പാ സംഭാവന നൽകുന്നത്. സ്വയം നിഷേധിക്കലും ദാനധർമവുമാണു തന്റെ ലക്ഷ്യമെന്ന് ഗാൻഡ്പാ ഉറപ്പിച്ചു പറയുന്നു. ബൾഗേറിയക്കാർക്ക് ഇദ്ദേഹമൊരു വിശുദ്ധനെപ്പോലെയാണെന്ന് ന്യൂ ബൾഗേറിയൻ യൂണിവേഴ്സിറ്റിയിലെ സോഷ്യോളജി പ്രൊഫസറായ തിയോഡൊറ കരാമെൽസ്ക പറഞ്ഞു.

ഇത്രയൊക്കെയായിട്ടും മാധ്യമങ്ങളുടെ അഭിമുഖങ്ങൾക്ക് ഗാൻഡ്പാ നിന്നുകൊടുത്തിട്ടില്ല.

## 44 ഇന്ത്യക്കാർ പട്ടികയിൽ

2024-ലെ ചൊവ്വാ ദൗത്യത്തിലേക്കു മലയാളികൾ ഉൾപ്പെടെ 44 ഇന്ത്യക്കാർ തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ സംഘത്തിൽ 17 സ്ത്രീകളുണ്ട്. ചൊവ്വയിൽ കോളനി സ്ഥാപിച്ച് സ്ഥിരതാമസമൊരുക്കുന്ന "സ്വകാര്യ ദൗത്യ"ത്തിലേക്കാണ് ഇവർ തെരഞ്ഞെടുക്കപ്പെട്ടത്.

നെതർലാൻഡ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നോൺ-പ്രോഫിറ്റ് സംഘടനയാണ് ചൊവ്വയിൽ "മാർസ് വൺ" ദൗത്യം പ്രഖ്യാപിച്ചത്. ലോകത്തിന്റെ വിവിധ ഭാഗത്തുനിന്ന് 705 പേർ ദൗത്യത്തിന്റെ ഭാഗമാകാൻ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ 353 പേർ അവസാന റൗണ്ടിൽ ഒഴിവാക്കപ്പെട്ടു. തിരുവനന്തപുരം, ന്യൂഡൽഹി, മുംബൈ, കൊൽക്കത്ത, പൂനെ എന്നിവിടങ്ങളിൽനിന്നുള്ളവരാണു ചൊവ്വാദൗത്യത്തിനായി തെരഞ്ഞെടുക്കപ്പെട്ടത്.



ഇരുപതിനായിരം ഇന്ത്യക്കാരാണ് അപേക്ഷ നൽകിയിരുന്നതെങ്കിലും അവസാനഘട്ടത്തിൽ ചൊവ്വയിലെ ആദ്യ മനുഷ്യകോളനിയിലേക്കു പോകാനുള്ള നറുക്കുവീണത് 44 പേർക്കു മാത്രമാണ്. ഇവരെ ഭൂമിയിൽ തിരിച്ചെത്തിക്കാമെന്ന ഉറപ്പ് കമ്പനി നൽകുന്നില്ല.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.150 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |




അതിക്രൂരമായി നടപ്പാക്കപ്പെട്ട ഒരു വധശിക്ഷയുടെ രംഗങ്ങൾ നൽകിയ ആഘാതത്തിലായിരുന്നു ജറുസലം പ്രാന്തവാസികൾ. ആർക്കും ഒരു ദ്രോഹവും ചെയ്തിട്ടില്ലാത്ത, മറ്റുള്ളവർക്കു സ്നേഹം നൽകുകയും ഉപകാരങ്ങൾ മാത്രം ചെയ്യുകയും ചെയ്തിട്ടുള്ള, ഒരു ജനാവലിയുടെ അകമ്പടിയോടെ രാജാവിനെപ്പോലെ ജറുസലേമിന്റെ നഗരവാതിൽ കടന്നുവന്ന, ഇസ്രായേലിന്റെ രക്ഷകനാകുമെന്നു കരുതപ്പെട്ടിരുന്ന യേശു, ശരിയായൊരു ന്യായവിചാരണ പോലും നടത്തപ്പെടാതെ, വ്യക്തമായൊരു കുറ്റമില്ലാതെയാണ് വധശിക്ഷയ്ക്കു വിധിക്കപ്പെട്ടത്. കാൽവരിയിൽ പല വധശിക്ഷകളും നടപ്പാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇത്ര ക്രൂരമായി നടപ്പാക്കപ്പെട്ട ഒരു ശിക്ഷയില്ല. ന്യായാധിപമന്ദിരത്തിന്റെ അങ്കണം മുതൽ കാൽവരി വരെ പല ഘട്ടങ്ങളിലായി തല്ലിച്ചതയ്ക്കപ്പെടുകയും കുത്തിത്തുളയക്കപ്പെടുകയും ചെയ്ത ശേഷമായിരുന്നു യേശുവിന്റെ ക്രൂശിക്കൽ.

അതൊക്കെ കാണുകയോ കേൾക്കുകയോ ചെയ്തവരിൽ മിക്കവരും കനമുള്ള ഒരു മൗനത്തിലേക്കോ മാന്ദ്യത്തിലോക്കോ വീണിരിക്കണം. കാരണം, ഹൃദയമുള്ളവരെ നടുക്കുന്ന ഘോര രംഗങ്ങളായിരുന്നു അവ. യേശുവിന്റെ ശിഷ്യരെ ആ സംഭവങ്ങൾ എത്രമാത്രം തളർത്തിയിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളു. അവരെ സംബന്ധിച്ചിടത്തോളം, എല്ലാം തകർന്നടിഞ്ഞുകഴിഞ്ഞിരുന്നു. മാത്രമല്ല ഭയത്തിന്റെ പിടിയിലുമായിരുന്നിരിക്കണം അവർ. കാരണം, പച്ചമരത്തോട് ഇതാകാമെങ്കിൽ ഉണക്കമരത്തോടും ചില്ലകളോടും എന്തായിക്കൂടാ?

അങ്ങനെ നൈരാശ്യത്തിലും പരാജയത്തിലും ഭയത്തിലും ആണ്ടുകഴിഞ്ഞിരുന്ന ശിഷ്യരുടെ ഇടയിലേക്ക് യേശു വീണ്ടും കടന്നുവന്നു. ഉത്ഥിതനായ യേശു! മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റ യേശു തങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടതോടെ, തകർന്നടിഞ്ഞ അവസ്ഥയിലായിരുന്ന അവർക്കു ജീവൻ തിരിച്ചുകിട്ടിയതുപോലെയായി. നൈരാശ്യത്തിൽനിന്നു പ്രത്യാശയിലേക്ക്, വഴിമുട്ടിയ അവസ്ഥയിൽനിന്നു വഴി തുറന്നുകിട്ടിയ സ്ഥിതിയിലേക്ക്, അവർ പെട്ടെന്നു മാറി.

യേശുവിന്റെ ഉയിർപ്പു മനുഷ്യജീവിതത്തിലേക്കു കൊണ്ടുവന്നതു പ്രത്യാശയാണ്. മരണത്തോടെ മനുഷ്യജീവിതം അവസാനിക്കുന്നുവെന്നതു മനുഷ്യന്റെ എല്ലാ നേട്ടങ്ങളെയും വിജയങ്ങളെയും നിഷ്ഫലമാക്കുന്നു. മരണം മനുഷ്യകഥയുടെ അവസാന അധ്യായമല്ലാതാക്കിത്തീർത്തത് യേശുവാണ്. അവിടുന്നു തന്റെ ഉത്ഥാനത്തിലൂടെയാണ് അതു സാധിച്ചത്.

മറ്റുള്ളവർക്കുവേണ്ടിയോ സത്യത്തിനുവേണ്ടിയോ മരണം വരിച്ചിട്ടുള്ളവർ പലരുണ്ട്. സോക്രട്ടീസിനെയോ ഏബ്രഹാം ലിങ്കണെയോ ഗാന്ധിജിയെയോപോലെ ഒരു മഹാൻ മാത്രമായി യേശുക്രിസ്തു കരുതപ്പെടാത്തത് യേശുവിന്റെ കഥ മരണത്തിൽ അവസാനിക്കാതിരിക്കുകയും അവിടുന്ന് മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തതുകൊണ്ടാണ്. യേശു പുനരുത്ഥാനം ചെയ്തിരുന്നില്ലെങ്കിൽ അവിടുന്ന് ഒരു ചരിത്രപുരുഷൻ മാത്രമാകുമായിരുന്നു. മനുഷ്യനന്മയ്ക്കുവേണ്ടി മരണം വരിച്ച ഒരു നല്ല മനുഷ്യൻ എന്നോ നിസ്വാർത്ഥരായ മനുഷ്യസ്നേഹികളുടെ ഗതി ക്രൂശിക്കപെടലാണെന്നോ മാത്രം പറഞ്ഞ് ആ അധ്യായം നാം അവസാനിപ്പിക്കുമായിരുന്നു. എന്നാൽ യേശുവിന്റെ കാര്യം അതല്ലല്ലോ.

ചരിത്രത്തിൽ മറ്റെത്രയോ മതസ്ഥാപകർ ഉണ്ടായിരിക്കുന്നു. പക്ഷേ അവരാരും ദൈവമായി ആരാധിക്കപ്പെടുന്നില്ല. കാരണം, അവരാരും ഉയിർത്തെഴുന്നേറ്റിട്ടില്ല. ഉയിർത്തെഴുന്നേറ്റ് യേശു സ്വയം ദൈവമായി വെളിപ്പെടുത്തുക മാത്രമല്ല ചെയ്തത്; അതുവഴി മനുഷ്യർക്കെല്ലാം ഉയിർപ്പ് സാധ്യമാക്കുകയും, മനുഷ്യജീവിതത്തിന് എന്നേക്കുമായി പ്രത്യാശ പകരുകയും ചെയ്തു.

ഓക്ക് മരത്തിന്റെ ഒരു കുറ്റിത്തടി നാമ്പിടുന്ന ചിത്രവും അതോടൊപ്പം 'റെവിറേസ്കോ' എന്ന ലാറ്റിൻ പദവും ചേർത്തു കലാകാരന്മാർ പ്രത്യാശയുടെ പ്രതീകം വരയ്ക്കാറുണ്ട്. ഞാൻ വീണ്ടും എഴുന്നേൽക്കും എന്നാണ് ആ ലാറ്റിൻ പദസമുച്ചയത്തിന്റെ അർഥം. മുറിച്ചിട്ടാലും ആ മുറിപ്പാടിൽനിന്ന് ഓക്ക് മരക്കുറ്റിക്ക് നാമ്പു കിളിർക്കും. മുറിച്ചാലും നാമ്പെടുക്കുന്ന ഓക്ക് മരക്കുറ്റി പ്രതിസന്ധികൾക്കു മീതേ ഉയരുന്ന പ്രത്യാശയുടെ പ്രതീകമാണ്. മനുഷ്യജീവിതത്തിൽനിന്നു പ്രത്യാശ എടുത്തുമാറ്റിക്കഴിഞ്ഞാൽ ജീവിതം ശൂന്യമാകും. വേദനകളും ദുരിതങ്ങളും പരാജയങ്ങളുമുള്ള ജീവിതത്തിലും പ്രത്യാശ ചേർത്താൽ ആ ജീവിതം പ്രകാശമാനമായിത്തീരും; പരാജയം വിജയത്തിനു വഴിമാറും. മനുഷ്യജീവിതത്തിന് ആത്യന്തികമായ പ്രത്യാശ പകർന്ന സംഭവമാണ് യേശുവിന്റെ ഉയിർപ്പ്.

ഗ്രീക്ക് പുരാണത്തിലെ പൻഡോരയുടെ പെട്ടി പ്രസിദ്ധമാണ്. തുറന്നുനോക്കരുതെന്നു പറഞ്ഞ് സ്യൂസ് ദേവൻ തന്റെ പുത്രിയായ പൻഡോരയ്ക്കു നൽകിയ പെട്ടി. ആകാംക്ഷ അടക്കാനാവാതെ ഒരുനാൾ പൻഡോര തുറന്ന പെട്ടിയിൽനിന്ന്, പലതരം ദുരിതങ്ങളെയും പീഡകളെയും പ്രതിനിധീകരിക്കുന്ന പ്രാണികൾ അവൾ പെട്ടി അടയ്ക്കുംമുമ്പ് പുറത്തുചാടി. അവളുടെ ജീവിതം ദുരിതമയമായി. പിന്നീടവൾ പെട്ടി പൂർണമായി തുറന്നപ്പോൾ അതിൽനിന്നിറങ്ങിവന്ന പ്രത്യാശ എന്ന മിന്നാമിനുങ്ങ് അവളുടെ ജീവിതത്തിലേക്ക് പുഞ്ചിരി തിരിച്ചുകൊണ്ടുവന്നു.

പ്രത്യാശ ജീവിതത്തിൽ കൊണ്ടുവരുന്നതു പ്രകാശപൂർണമായ വലിയ മാറ്റമാണ്. യേശു നൽകിയ ഉയിർപ്പിനോളം പ്രത്യാശ നൽകുന്ന ഒന്നും മനുഷ്യർക്കു ലഭിക്കാനില്ല.




ചരിത്രാതീത കാലത്തു നിർമിക്കപ്പെട്ട ഒരു സ്മാരകമാണ് അയർലണ്ടിലെ ന്യൂഗ്രെയ്ഞ്ച്. തലസ്ഥാനമായ ഡബ്ളിൽ നിന്ന് അറുപത്തിനാലു കിലോമീറ്റർ വടക്കുപടിഞ്ഞാറായി മീത്ത് എന്ന കൗണ്ടിയിൽ സ്ഥിതിചെയ്യുന്ന ഈ സ്മാരകത്തിനു 5200 വർഷം പഴക്കമുണ്ടത്രേ. ഒരേക്കറിലേറെ സ്ഥലത്തു നിറഞ്ഞു നിൽക്കുന്ന ഈ സ്മാരകം ഒരു കബറിടമാണെന്നു കരുതപ്പെടുന്നു. വൃത്താകൃതിയിൽ നിർമിച്ചിരിക്കുന്ന ഈ സ്മാരകത്തിന് എഴുപത്തിയാറു മീറ്റർ നീളവും പന്ത്രണ്ടു മീറ്റർ ഉയരവുമുണ്ട്.

വിവിധതരം ലോഹങ്ങൾ കണ്ടുപിടിക്കപ്പെടുന്നതിനു മുമ്പു നിർമിക്കപ്പെട്ട ഈ സ്മാരകത്തിനുള്ളിലെ കൊത്തുപണികളും മറ്റും ആരെയും അതിശയിപ്പിക്കുന്നതാണ്. ഈജിപ്റ്റിലെ ഏറ്റവും പഴക്കമുള്ള പിരമിഡുകൾ നിർമിക്കപ്പെടുന്നതിന് അറുനൂറ് വർഷം മുമ്പു പണിതീർക്കപ്പെട്ടതാണു ന്യൂഗ്രെയ്ഞ്ച് സ്മാരകം. മുന്നൂറു പേർ ഇരുപതു വർഷക്കാലം തുടർച്ചയായി അധ്വാനിച്ചതിന്റെ ഫലമായിരിക്കണം ഈ സ്മാരകം എന്നു വിദഗ്ധർ കണക്കുകൂട്ടുന്നു.

ചരിത്രത്തിൽ മറഞ്ഞുകിടന്നിരുന്ന ഈ സ്മാരകം 1699ലാണ് കണ്ടുപിടിക്കപ്പെട്ടത്. സ്ഥലത്തിന്റെ ഉടമയുടെ നിർദ്ദേശപ്രകാരം തൊഴിലാളികൾ നിർമാണ പ്രവർത്തനങ്ങൾക്കായി വലിയ കല്ലുകൾ തേടിച്ചെന്നപ്പോഴാണ് ഈ സ്മാരകത്തിലേക്കുള്ള പ്രവേശന കവാടം കാണുവാനിടയായത്. സ്മാരകത്തിന്റെ ഒരേക്കറിലേറെ വരുന്ന മുകൾപ്പരപ്പ് മുഴുവൻ മണ്ണും പുല്ലും നിറഞ്ഞു കിടന്നിരുന്നതുകൊണ്ടാണ് ദീർഘകാലം ആരാലും ഇതു ശ്രദ്ധിക്കാനിടയാകാതിരുന്നത്.

സ്മാരകത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഇതിന്റെ പ്രവേശന കവാടത്തിലൂടെ സൂര്യപ്രകാശത്തിനു കബറിടം സ്ഥിതിചെയ്യുന്ന അറയിൽ എത്തുവാൻ സാധിക്കുമെന്നതാണ്. പ്രവേശനകവാടത്തിൽ നിന്നു പതിനെട്ടു മീറ്റർ



അകലെ പ്രധാന കബറിടം സ്ഥിതിചെയ്യുന്നിടത്താണു സൂര്യപ്രകാശം എത്തുന്നത്.

വർഷത്തിൽ പകൽ ഏറ്റവും കുറവുള്ള ദിവസം പതിനേഴു മിനിട്ട് സമയം കബറിടം സ്ഥിതിചെയ്യുന്ന സ്ഥലത്ത് സൂര്യപ്രകാശം ലഭിക്കും. ഇപ്രകാരം സൂര്യപ്രകാശം ലഭിക്കാൻ ഇതിന്റെ നിർമാതാക്കൾ പ്ലാൻ ചെയ്തതായിട്ടാണു കരുതപ്പെടുന്നത്. പുരോഹിതനായ റ്റോമി ലെയ്നിന്റെ അഭിപ്രായത്തിൽ ഇപ്രകാരമൊരു കബറിടത്തിനു രൂപകല്പന ചെയ്യുവാൻ ചരിത്രാതീതകാല ജനങ്ങളെ പ്രേരിപ്പിച്ചതു മരണാനന്തര ജീവിതത്തിലുള്ള അവരുടെ വിശ്വാസമായിരുന്നുവത്രേ. മനുഷ്യരുടെ ആത്മാക്കളെ പരലോകത്തു സുരക്ഷിതരായി എത്തിക്കുവാൻ സൂര്യപ്രകാശത്തിനു ശക്തിയുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നതായി കരുതപ്പെടുന്നു. ഈ വിശ്വാസത്തിന്റെ പശ്ചാത്തലത്തിലായിരിക്കണം ഭൂമിക്കടിയിൽ നിർമിക്കപ്പെട്ട കല്ലറയിൽ സൂര്യപ്രകാശം കടക്കുന്നതിനുള്ള സംവിധാനം അവർ സൃഷ്ടിച്ചതെന്നു ലെയ്ൻ പറയുന്നു. ന്യൂഗ്രെയ്ഞ്ച് സ്മാരകം സൃഷ്ടിച്ചവരുടെ വിശ്വാസം എന്തായിരുന്നാലും സൂര്യനു മാത്രമല്ല, ഈ പ്രപഞ്ചത്തിലെ ഒരു ശക്തിക്കും മനുഷ്യനു നിത്യജീവൻ കൊടുക്കുവാൻ സാധിക്കുകയില്ല. അതു ദൈവത്തിനു മാത്രമേ സാധിക്കൂ.

ദൈവപുത്രനായ യേശുക്രിസ്തു കുരിശിൽ മരിച്ചു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതു മനുഷ്യരായ നമ്മെ നിത്യജീവന്റെ തുറമുഖത്തെത്തിക്കുവാനായിരുന്നു. മനുഷ്യർക്കു നിത്യജീവൻ നൽകുക എന്നതു ലോകത്തിലെ ഒരു ശക്തിക്കും സാധിക്കാത്ത കാര്യമാണ്. എന്നാൽ ദൈവപുത്രനായ യേശു അതു സാധിച്ചെടുത്തു.

പുനരുത്ഥാനവും ജീവനും ഞാനാകുന്നു: എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നരുളിച്ചെയ്ത യേശു തന്നിൽ വിശ്വസിക്കുന്നവർക്കും തന്റെ വചനമനുസരിച്ചു ജീവിക്കുന്നവർക്കും നിത്യജീവനും സ്വർഗസൗഭാഗ്യവും നൽകുന്നു. നമുക്കു നവജീവൻ നൽകുക എന്നതാണ് അവിടുത്തെ ദൗത്യം. അതുകൊണ്ടാണ് അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എന്റെ അടുക്കൽ വരിക; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം എന്ന് അവിടുന്നു പറഞ്ഞത്.

കർത്താവായ യേശുവിന്റെ ഉത്ഥാനം മരിച്ചവർക്കു നിത്യജീവനു വഴിയൊരുക്കുന്നതു പോലെ ജീവിച്ചിരിക്കുന്നവർക്കു നവജീവനും നൽകുന്നുണ്ട്. എന്നാൽ, ഉത്ഥാനം ചെയ്ത യേശുവിന്റെ നവജീവനിൽ പങ്കുപറ്റുവാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ നാം തയ്യാറാണോ എന്നതാണ് പ്രസക്തമായ ചോദ്യം.

യേശുവിന്റെ നവജീവനിൽ പങ്കുപറ്റുവാനുള്ള എളുപ്പവഴി അവിടുത്തെ ദിവ്യവചനങ്ങൾ ശ്രവിച്ച് അവ പാലിക്കുക എന്നുള്ളതാണ്. കാരണം, അവിടുന്നു തന്നെ പറഞ്ഞിട്ടുള്ളതുപോലെ അവിടുത്തെ വചനം ആത്മാവും ജീവനുമാണ്.






# നല്ലത് പങ്കുവയ്ക്കാം

സമ്പന്നനായ വിനോദ് ഒരു വീടുവച്ചു. കൊട്ടാരം പോലോരുവീട്. വീടിനുചുറ്റും ചെടികളും മരങ്ങളും വച്ചു പിടിപ്പിച്ച് ഉഗ്രനൊരു പൂന്തോട്ടവും ഉണ്ടാക്കി. പൂന്തോട്ടത്തിൽ ധാരാളം പൂക്കളും പഴങ്ങളുമൊക്കെ ഉണ്ടായി.

വിനോദിന്റെ അയൽക്കാരനായിരുന്നു രവി. മഹാ അസൂയക്കാരനായിരുന്ന അയാൾ ഒരു പഴയ വീട്ടിലായിരുന്നു താമസം. തരം കിട്ടുമ്പോഴൊക്കെ തന്റെ വീട്ടിലെ മാലിന്യങ്ങളുംമറ്റും അയാൾ വിനോദിന്റെ പൂന്തോട്ടത്തിലേക്ക് വലിച്ചെറിയും.

ഒരു ദിവസം രാവിലെ എണീറ്റ് കതകുതുറന്ന വിനോദ് കണ്ടത് എന്താണെന്നോ? ഒരു ബക്കറ്റു നിറയെ മാലിന്യം തന്റെ വീട്ടുമുറ്റത്ത് ഇരിക്കുന്നു. രവിയുടെ പണിയാണിതെന്ന് വിനോദിന് മനസ്സിലായി. വിനോദ് മാലിന്യം എടുത്ത് തന്റെ പറമ്പിലെ കുഴിയിൽ നിക്ഷേപിച്ചു. എന്നിട്ട് ബക്കറ്റ് കഴുകി വൃത്തിയാക്കി അതിൽ തന്റെ പൂന്തോട്ടത്തിൽ നിന്ന് മധുരമൂറുന്ന പഴങ്ങൾ നിറച്ചു.

അതുമായി വിനോദ് രവിയുടെ വീട്ടിലെത്തി കതകിന് മുട്ടി. മാലിന്യം നിക്ഷേപിച്ചതിന് വിനോദ് തന്നോട് വഴക്കിടാൻ വന്നതാണെന്നാണ് രവി കരുതിയത്. അങ്ങനെയെങ്കിൽ വിനോദിനോട് രണ്ട് വർത്തമാനം പറഞ്ഞിട്ടുതന്നെ കാര്യം എന്ന് മനസ്സിൽ കരുതി രവി വാതിൽ തുറന്നു.

വിനോദ് പഴങ്ങൾ നിറച്ച ആ ബക്കറ്റ് രവിക്ക് നീട്ടിക്കൊണ്ട് പറഞ്ഞു: “നമ്മുടെ പക്കൽ കൂടുതൽ ഉള്ള കാര്യങ്ങൾ മറ്റുള്ളവർക്കുകൂടി പങ്കുവയ്ക്കണമെന്നാണ് ഞാൻ പഠിച്ചിട്ടുള്ളത്. തന്റെ വീട്ടിൽ കുന്നുകൂടുന്ന മാലിന്യങ്ങളിൽ ഒരുപങ്ക് താങ്കൾ എനിക്കുതന്നപ്പോൾ എന്റെ വീട്ടിലുള്ള പഴങ്ങളിൽ ഒരു പങ്ക് ഞാനും തരുന്നു.” ഇതുകേട്ട് രവി ഇളിഭ്യനായി നിന്നുപോയി.

# ബിഥോവന് ഉറക്കം മൊസാർട്ടിനു ഭക്ഷണം

ഒരു പ്രതിഭയെ യഥാർഥ പ്രതിഭയാക്കുന്നതെന്താണ് അല്ലെങ്കിൽ ആരാണ്. സമയക്രമീകരണമാണ് എന്ന് പറയാം. നമ്മുടെ ചില മഹാരഥന്മാർ എങ്ങനെയാണ് സമയം ചിലവിട്ടിരുന്നത് എന്നൊന്നു പരിശോധിക്കാം. ബിഥോവനെയും അദ്ദേഹത്തിന്റെ സിംഫണികളെയും ആർക്കാണ് മറക്കാൻ പറ്റുക. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു കാലഘട്ടം (1822–1827) ഏതു രീതിയിൽ ചിലവഴിച്ചു എന്ന് നോക്കാം.

ഉറക്കത്തിനും സംഗീതം സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് ബിഥോവൻ ഈ കാലയളവിൽ കൂടുതൽ സമയം ചെലവഴിച്ചത്. പത്രവായനയ്ക്കും നടത്തത്തിനും ഭക്ഷണം കഴിക്കാനുമാണ് ബാക്കി സമയം അദ്ദേഹം ചെലവഴിച്ചത്.




മറ്റൊരു പ്രമുഖൻ മൊസാർട്ടാകട്ടെ ഉറങ്ങാനും ഭക്ഷണം കഴിക്കാനും പഠിക്കാനുമാണ് കൂടുതൽ സമയം ചെലവിട്ടത്. കൂടാതെ വസ്ത്രാലങ്കാരത്തിനും സംഗീതസൃഷ്ടിക്കും മൊസാർട്ട് സമയം കണ്ടെത്തിയിട്ടുണ്ട്.

മറ്റൊരു ആകർഷണീയമായ വ്യക്തിത്വം സിഗ്മണ്ട് ഫ്രോയിഡിന്റേതാണ്. മനശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന അദ്ദേഹവും കൂടുതൽ സമയം ചെലവിട്ടത് ഉറങ്ങുവാൻ വേണ്ടിയിട്ടാണ്.

അതുകൊണ്ട് ഒരു കാര്യം മനസിലാക്കാം, മനുഷ്യന് ഉറക്കം അത്യാവശ്യമായ ഒരു ഘടകമാണ്. എന്നാൽ ആകെ തുകയായി നോക്കിയാൽ ഈ മഹാരഥന്മാരെല്ലാം ജന്മം ഉറങ്ങി തീർക്കുന്നവരായിരുന്നില്ല, അവർക്ക് അവരുടേതായ സംഭാവനകൾ ലോകത്തിനു നൽകുവാനുണ്ടായിരുന്നു.

തോമസ് മാൻ, ഇമ്മാനുവൽ കാന്റ്, ജോൺ മിൽട്ടൺ, ചാൾസ് ഡിക്കൻസ്, ചാൾസ് ഡാർവിൻ, ബെഞ്ചമിൻ ഫ്രാങ്ക്ലിൻ തുടങ്ങിയവരാണ് സമയം സമർത്ഥമായി ചിലവഴിച്ച മറ്റ് ചില പ്രമുഖർ. ഇവയൊക്കെ നമുക്കു പഠിക്കാം എന്നല്ലാതെ, അവർ ഏതു രീതിയിൽ ഉദ്ദേശിച്ചോ അതേ രീതിയിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കണമെന്നില്ല.



# സാൻഡ്വിച്ച് രഹസ്യം

പണ്ട് ഇംഗ്ലണ്ടിൽ ജോൺ മൊണ്ടേഗു സാൻഡ്വിച്ച് എന്നൊരാൾ ഉണ്ടായിരുന്നു. വെള്ളക്കാരനായിരുന്ന അയാൾ ഭയങ്കര ചീട്ടുകളിപ്രിയനായിരുന്നു. ഭക്ഷണം കഴിക്കുന്നതിനിടയിലും ചീട്ടുകളി തന്നെ!

അപ്പോഴാണ് ഒരു പ്രശ്നം. ഇറച്ചിയും മറ്റും തിന്നുമ്പോൾ അതിലെ എണ്ണ ചീട്ടിൽ പറ്റുന്നു. ഇത് ഒഴിവാക്കാൻ അദ്ദേഹം ഒരു വഴി കണ്ടെത്തി. തന്റെ പരിചാരകരോട് രണ്ട് റൊട്ടിക്കഷണങ്ങൾക്കിടയിൽ ഇറച്ചി വച്ച് തരാൻ അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങനെ കയ്യിലും ചീട്ടിലും എണ്ണ പറ്റാതെ കളിയ്ക്കിടയിൽ അദ്ദേഹം ഭക്ഷണം കഴിച്ചു. വൈകാതെ മൊണ്ടേഗു സാൻഡ്വിച്ചിന്റെ ഈ വിദ്യ പലരും പരീക്ഷിക്കാൻ തുടങ്ങി. അങ്ങനെ ഇംഗ്ലണ്ടിൽ ചീട്ടുകളിക്കിടയിൽ കഴിക്കാൻ തുടങ്ങിയ ഈ വിഭവം പിന്നീട് ഒരു പ്രധാന ഭക്ഷണമായി മാറി.

# ഫേസ്ബുക്കിൽ കുട്ടിക്കളി



കുട്ടികളായാൽ (നല്ല) കൂട്ടുകാർ വേണം. സൗഹൃദക്കൂട്ടായ്മയിലൂടെ മാത്രമേ അവർ സാമൂഹ്യ ജീവിതത്തെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചും കൂടുതൽ അറിവുള്ളവരാകൂ. വൻ നഗരങ്ങളിലെ ഫ്ളാറ്റ് ജീവിതകാലത്ത്, അണകുടുംബങ്ങളിലെ കുട്ടികൾക്ക് മികച്ച കൂട്ടുകാരുണ്ടാകാൻ, അവരുമായി ആശയവിനിമയം നടത്താൻ എന്താണ് മാർഗം? ഫേസ്ബുക്കാണോ? ഒരൊറ്റയുത്തരമേയുള്ളു-അല്ലേയല്ല.

ഓൺലൈൻ ചാറ്റിംഗ് വേളയിൽ ഒരുത്തരം പറയുമ്പോഴോ, ഒരുകാര്യം വെളിപ്പെടുത്തുമ്പോഴോ ശരിയായ തീരുമാനമെടുക്കാൻ കുട്ടികൾക്ക് കഴിയില്ല. അവർക്കതിനുള്ള പക്വതയില്ല. ഇരകളെതേടി തക്കംപാർത്തിരിക്കുന്നവർ സൈബർ ബുള്ളിയിംഗിനും ലൈംഗിക ദുരുപയോഗത്തിനും ഇതിലൂടെ കുട്ടികളെ ഇരകളാക്കുന്നു-വിദഗ്ധർ ഇങ്ങനെ ഉറപ്പിച്ചുപറയാൻ പുതിയൊരു കാരണംകൂടിയുണ്ട്. ഇന്ത്യയിലെ വൻനഗരങ്ങളിൽ എട്ടിനും പതിമൂന്നിനും ഇടയ്ക്കു പ്രായമുള്ള കുട്ടികളിൽ 73 ശതമാനംപേർക്കും ഫേസ്ബുക്ക് അക്കൗണ്ട് ഉണ്ട്! അവരതിൽ സജീവമായി ഇടപെടുന്നു. ഫോട്ടോകൾ ഉൾപ്പെടെയുള്ള പോസ്റ്റുകൾ ഇടുന്നു. അപരിചിതരോടു സംസാരിക്കുന്നു. അടുത്തയിടെ അസോചെം നടത്തിയ സർവേയിലാണ് ഈ കണ്ടെത്തൽ. പതിമൂന്നു വയസ്സിൽ താഴെയുള്ള കുട്ടികൾ ഫേസ്ബുക്ക് ഉപയോഗിക്കാൻ പാടില്ല എന്ന കർശനമായ നിബന്ധന നിലനിൽക്കേയാണ് ഇത്ര വലിയൊരു ശതമാനം കുട്ടികൾ ഫേസ്ബുക്കിനെ കളിയായി എടുക്കുന്നത്.

സാഡ് ആൻഡ് ഷോക്കിംഗ് എന്നാണ് സർവേയിലെ കണ്ടെത്തലുകളെ വിശേഷിപ്പിക്കുന്നത്. കുട്ടികൾ സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റിൽ സമയം ചെലവഴിക്കുന്നു എന്നതുമാത്രമല്ല ആ വിശേഷണത്തിനു പിന്നിൽ. ഇവരിൽ ഭൂരിഭാഗത്തിനും ഫേസ്ബുക്ക് അക്കൗണ്ട് ഉണ്ടാക്കാൻ സഹായം നൽകിയത് സ്വന്തം മാതാപിതാക്കളാണ്.

കുട്ടികൾ ഫേസ്ബുക്ക് അഡിക്റ്റുകളാണെന്ന് പിന്നീടു വിലപിക്കുന്നതും ഇതേ മാതാപിതാക്കൾതന്നെ. സർവേയിൽ പങ്കെടുത്ത മാതാപിതാക്കളിൽ 75 ശതമാനത്തിനും അറിയാം തങ്ങളുടെ മക്കൾ ഫേസ്ബുക്ക് ഉപയോഗിക്കുന്നുണ്ടെന്ന്. 82 ശതമാനംപേർ സ്വയം കുട്ടികളെ സൈറ്റിൽ സൈൻ-അപ് ചെയ്യാൻ സഹായിക്കുകയും ചെയ്തു. ഏറെക്കുറെ അറിഞ്ഞുകൊണ്ട് ആപത്തിൽച്ചാടുന്നതിനു തുല്യം. ഫേസ് ബുക്കിലെ കുട്ടിക്കളി അപകടം വിളിച്ചുവരുത്തും. മാതാപിതാക്കൾ ശ്രദ്ധിക്കുക.

# പ്രാർത്ഥനയുടെ ഫലം: ഒരു ശാസ്ത്രീയ നിരീക്ഷണം



പ്രശസ്ത അമേരിക്കൻ നരവംശശാസ്ത്രജ്ഞയായിരുന്ന മാർഗരറ്റ് മീസ് മൂന്നു തവണ വിവാഹം കഴിച്ചിട്ടുണ്ട്. അവരുടെ ഭർത്താക്കന്മാരായിരുന്ന ലൂഥർ ക്രെസ്മൻ, റിയോ ഫോർച്യൂൺ, ഗ്രിഗറി ബാറ്റ്സൺ എന്നിവരും പ്രശസ്തരായ നരവംശശാസ്ത്രജ്ഞരായിരുന്നു. വിവിധ കാലഘട്ടങ്ങളിൽ ഇവർ മൂവരോടുമൊപ്പം സൗത്ത് പസഫിക് സമുദ്രത്തിലുള്ള ദ്വീപുകളിലും മറ്റും മാർഗരറ്റ് ഗവേഷണം നടത്തിയിട്ടുണ്ട്. ഈ ഗവേഷണങ്ങളുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഒരു കഥയുണ്ട്.

ഒരിക്കൽ മാർഗരറ്റിന്റെ ഭർത്താക്കന്മാരിലൊരാൾ സൗത്ത് പസഫിക്കിലെ ഒരു ദ്വീപിൽ ഗവേഷണം നടത്തുന്ന അവസരം. മാർഗരറ്റിന്റെ മൂന്നു ഭർത്താക്കന്മാരിൽ ആരായിരുന്നു അതെന്നു കഥയിൽ വ്യക്തമല്ല. അദ്ദേഹം അവിടെ ഗവേഷണം നടത്തുന്ന അവസരത്തിൽ അവിടെയുള്ള ആളുകളുടെ കൃഷി രീതികൾ ശ്രദ്ധിക്കുവാനിടയായി.

അവർ ചേന നട്ടതിനു ശേഷം ചേന നന്നായി വളരുവാൻ വേണ്ടി ഓരോ ദിവസവും കൃഷിസ്ഥലത്തെത്തി പ്രാർത്ഥിക്കുന്നത് അദ്ദേഹം കണ്ടു. വെറും അന്ധവിശ്വാസം, അദ്ദേഹം സ്വയം പറഞ്ഞു. പ്രാർത്ഥിക്കുന്നതു വഴിയായി ചേനയുടെ വളർച്ചയിൽ എങ്ങനെ വ്യത്യാസം ഉണ്ടാകാനാണ്?

കുറേ കഴിഞ്ഞപ്പോൾ ഒരു ചിന്ത അദ്ദേഹത്തിന്റെ മനസ്സിലേക്കു കടന്നുവന്നു. താൻ ഒരു ശാസ്ത്രജ്ഞനാണല്ലോ. അതുകൊണ്ടു പ്രാർത്ഥനയുടെ ഫലം ശാസ്ത്രീയമായി നിരീക്ഷിച്ചറിയണം. അധികം താമസിയാതെ അദ്ദേഹവും കുറേ ചേന നട്ടു. രണ്ടു പ്ലോട്ടുകളിലായിട്ടാണ് അദ്ദേഹം ചേന നട്ടത്.

ചേന നട്ടതിനു ശേഷം അദ്ദേഹം ഒരു പ്ലോട്ടിലുള്ള ചേനയ്ക്കുവേണ്ടി മാത്രം പ്രാർത്ഥിച്ചു. മറ്റേ പ്ലോട്ടിലുള്ള ചേനയ്ക്കുവേണ്ടി പ്രാർത്ഥിച്ചുമില്ല. വിശ്വാസിയല്ലാതിരുന്ന അദ്ദേഹത്തിനു പ്രാർത്ഥനകളൊന്നും വശമില്ലായിരുന്നു. തന്മൂലം, പ്രാർത്ഥനയ്ക്കുപകരം ബൈബിളിൽ നിന്നു കുറേ ഭാഗം വായിക്കുകയാണു ചെയ്തത്.

ഏതു പ്ലോട്ടിലെ ചേനയ്ക്കുവേണ്ടി പ്രാർത്ഥിച്ചുവോ അവിടെ കാര്യമായ വളവും പരിചരണവുമൊന്നും അദ്ദേഹം നൽകിയില്ല. എന്നാൽ, പ്രാർഥിക്കാതിരുന്ന പ്ലോട്ടിലെ ചേനയ്ക്ക് അദ്ദേഹം വളവും പരിചരണവും നൽകി. ചേനയുടെ വിളവെടുപ്പു നടന്നപ്പോൾ താൻ പ്രാർഥിച്ച പ്ലോട്ടിലെ ചേന വളരെ വലുതായിരുന്നുവെന്ന് അദ്ദേഹം കണ്ടു. എന്നാൽ, പ്രാർത്ഥിക്കാതിരുന്ന പ്ലോട്ടിലെ ചേന വളരെ ചെറുതുമായിരുന്നു. വളവും കാര്യമായ പരിചരണവും നൽകിയിട്ടും വിളവ് അത്ര നന്നായിരുന്നില്ല.

അവിശ്വാസിയായിരുന്ന ആ നരവംശ ശാസ്ത്രജ്ഞൻ അത്രവേഗം പ്രാർത്ഥനയുടെ ഫലസിദ്ധി അംഗീകരിക്കുവാൻ തയ്യാറായില്ല. അദ്ദേഹം വീണ്ടും പരീക്ഷണം നടത്തി. അപ്പോഴും പ്രാർത്ഥനയുടെ ഫലം പ്രകടമായി കാണാനുണ്ടായിരുന്നു. അദ്ദേഹം തന്റെ പരീക്ഷണം പലതവണ ആവർത്തിച്ചു. അപ്പോഴൊക്കെ പ്രാർഥനയുടെ ഫലം വ്യക്തമായി തന്റെ കൃഷിയിൽ പ്രതിഫലിച്ചിരുന്നു.

പ്രാർത്ഥനയുടെ ഫലം കണ്ടുപിടിക്കാനായി ശാസ്ത്രീയമായി ശ്രമിച്ച ഈ ശാസ്ത്രജ്ഞൻ പ്രാർത്ഥനയുടെ ഫലം കണ്ടതിനുശേഷം മാനസാന്തരപ്പെട്ടിട്ടുണ്ടാകുമോ? അക്കാര്യവും കഥയിൽ പറയുന്നില്ല. എന്നാൽ, ഒരു കാര്യം തീർച്ചയാണ്. അദ്ദേഹം പ്രാർത്ഥയുടെ ശക്തി അനുഭവിച്ചറിയുക തന്നെ ചെയ്തു.

പ്രാർത്ഥനയിൽ വിശ്വസിക്കുന്നവരാണു മനുഷ്യരിൽ ഭൂരിഭാഗവും. അതുകൊണ്ടാണല്ലോ നാമെല്ലാവരും എല്ലാ ദിവസവും പ്രാർത്ഥിക്കുവാൻ ശ്രമിക്കുന്നത്. എന്നാൽ, നാം പ്രാർത്ഥിക്കുന്ന അവസരത്തിലും നമ്മുടെ പ്രാർത്ഥനയുടെ മാഹാത്മ്യത്തെക്കുറിച്ചും ശക്തിയെക്കുറിച്ചും നാം ഓർമിക്കാറുണ്ടോ?

പ്രാർത്ഥനയിൽ യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്താണ്? അതു ദൈവവുമായുള്ള ഒരു ഒത്തുചേരലല്ലേ? ഹൃദയം തുറന്നുള്ള സംഭാഷണമല്ലേ? ദൈവത്തിന്റെ അനന്തമായ ശക്തിയിലുള്ള പങ്കുചേരലല്ലേ? പ്രാർത്ഥനയിലൂടെ നാം ദൈവവുമായി ഹൃദയസംഭാഷണത്തിലേർപ്പെടുമ്പോൾ അവിടുത്തെ ദിവ്യസാന്നിധ്യത്താൽ നാം ആവരണം ചെയ്യപ്പെടുന്നു എന്നതിൽ സംശയമുണ്ടോ? അതുപോലെ, അവിടുത്തെ ദിവ്യശക്തി അപ്പോൾ നമ്മിലേക്കു ഒഴുകുകയില്ലേ? അവിടുത്തെ സാന്നിധ്യവും ശക്തിയും നമ്മിലും നമ്മുടെ ചുറ്റിലും വരുത്തുന്ന മാറ്റങ്ങൾ നമുക്കു വിഭാവനം ചെയ്യുവാൻ സാധിക്കുന്നവയാണോ?

പ്രാർത്ഥനയിലൂടെ നാം ദൈവത്തോട് ആവശ്യപ്പെടുന്ന കാര്യങ്ങൾ നാം ആഗ്രഹിക്കുന്നതുപോലെ നമുക്ക് എപ്പോഴും ലഭിച്ചു എന്നു വരികയില്ല. എന്നാൽ, അതിന്റെ അർഥം പ്രാർത്ഥനയ്ക്കു ഫലമില്ലെന്നാണോ? ഒരിക്കലുമല്ല. നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കും ഫലമുണ്ട് എന്നതാണു യാഥാർഥ്യം. കാരണം, നാം എപ്പോഴൊക്കെ പ്രാർത്ഥിക്കുന്നുവോ അപ്പോഴൊക്കെ നമുക്കു പ്രധാനമായും ലഭിക്കുന്നത് അവിടുത്തെ കൃപയാണ്.

നമ്മുടെ അനുദിന ജീവിതത്തിൽ നമുക്കു യഥാർത്ഥത്തിൽ ആവശ്യമായിരിക്കുന്നതു ദൈവത്തിന്റെ കൃപയല്ലാതെ മറ്റൊന്നുമല്ല. കാരണം, അവിടുത്തെ കൃപയുണ്ടെങ്കിൽ മറ്റെല്ലാ കുറവുകളും അതുവഴി നമുക്കു നികത്തുവാനാകും. അതുപോലെ, ദൈവത്തിന്റെ കൃപ വഴി ജീവിതത്തിലെ ഏതു പ്രതിസന്ധിയെയും ധൈര്യപൂർവ്വം നേരിടുവാനും സാധിക്കും എന്നതിൽ സംശയം വേണ്ട. പ്രാർത്ഥനയുടെ ശക്തിയിൽ വിശ്വസിക്കുന്ന നമുക്കു പ്രധാനമായും അവിടുത്തെ കൃപയ്ക്കുവേണ്ടി എന്നും പ്രാർത്ഥിക്കാം.

# പ്രസിദ്ധിയും ജനസമ്മിതിയും

രാഷ്ട്രീയ രംഗത്തെ രണ്ടു പ്രമുഖ നേതാക്കന്മാരാണു മക്കാറിയോയും സെൽസോയും. അവർ രണ്ടുപേരും പരസ്പരം മിത്രങ്ങളും ശത്രുക്കളുമല്ല. എന്നാൽ അവർ തമ്മിൽ എപ്പോഴും മത്സരമുണ്ട്. അതാകട്ടെ പ്രധാനമായും പോപ്പുലാരിറ്റിയുടെ കാര്യത്തിലുമാണ്. താനാണ് ഏറ്റവും ജനപ്രിയനായ നേതാവ് എന്നു മക്കാറിയോ അവകാശപ്പെടുമ്പോൾ പോപ്പുലാരിറ്റിയുടെ കാര്യത്തിൽ മക്കാറിയോ തന്റെ പിന്നിലേ വരൂ എന്നാണ് സെൽസോ വാദിക്കുക.

രണ്ടുപേരും പരസ്പരം കണ്ടുമുട്ടുമ്പോഴൊക്കെ അവർ പ്രധാനമായും സംസാരിക്കുന്നതു തങ്ങളെക്കുറിച്ചുതന്നെയായിരിക്കും. തങ്ങളുടെ ഓരോ വീരകൃത്യവും പൊടിപ്പും തൊങ്ങലുമൊക്കെ വച്ച് അവർ അവതരിപ്പിക്കും. അതൊക്കെ എങ്ങനെ കൂടുതൽ ജനസമ്മതി നേടിക്കൊടുക്കുന്നു എന്ന് അവർ പരസ്പരം വിശദീകരിച്ചുകൊടുക്കും.



ഒരിക്കൽ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തങ്ങളിൽ ആരാണു കൂടുതൽ ജനപ്രിയൻ എന്നറിയാനായി ഒരു പദ്ധതി തയ്യാറാക്കി. ആ പദ്ധതി ഇതായിരുന്നു. രണ്ടുപേരും ഒരേ ദിവസം മരിച്ചതായുള്ള വാർത്ത പ്രധാനദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുക. ചരമവാർത്ത വായിച്ച് എത്രപേർ അവരുടെ വീട്ടിലെത്തുന്നുവോ അതനുസരിച്ചായിരിക്കും അവരുടെ ജനസമ്മതി വിലയിരുത്തുക.

അവർ തയ്യാറാക്കിയ പദ്ധതി പോലെ ഒരേ ദിവസം തന്നെ അവർ രണ്ടുപേരുടേയും ചരമവാർത്ത പത്രങ്ങളിൽ വന്നു. നേതാക്കളുടെ മരണത്തിൽ അനുശോചനം അറിയിക്കാനെത്തുന്നവരുടെ വരവും കാത്ത് അവർ ഇരുവരും സ്വന്തം വീടുകളിൽ കാത്തിരുന്നു. പക്ഷേ, രണ്ടു വീടുകളിലും ആരും എത്തിയില്ല.

ഏറെ നേരം കാത്തിരുന്നിട്ടും ആരും അനുശോചനമറിയിക്കുവാൻ എത്താതിരുന്നപ്പോൾ മക്കാറിയോയ്ക്കു വല്ലാത്ത വിഷമം തോന്നി. അയാൾ സാവധാനം സെൽസോയുടെ വീട്ടിലെത്തി. അപ്പോൾ സെൽസോ ഏകാകിയായിരിക്കുകയായിരുന്നു.

'ആരും അനുശോചനം അറിയിക്കുവാൻ ഇതുവരെ എന്റെ വീട്ടിലെത്തിയില്ല' മ്ലാനവദനനായി മക്കാറിയോ പറഞ്ഞു. ഉടനെ സെൽസോയും സങ്കടപൂർവ്വം പറഞ്ഞു: 'ഇവിടെയും ആരും വന്നില്ല.'

അവർ പരസ്പരം തങ്ങളുടെ ദുഃഖം പങ്കുവച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടുപേരുടെയും ചില അനുയായികൾ അവിടെ എത്തി. അവരിലൊരാൾ പറഞ്ഞു: 'ടൗണിൽ ജനം തടിച്ചുകൂടിയിരിക്കുകയാണ്.'

അപ്പോൾ മക്കാറിയോയും സെൽസോയും ഒരേസമയം ചോദിച്ചു: 'ഞങ്ങൾ മരിച്ച വാർത്ത വായിച്ച് അനുശോചന സമ്മേളനം കൂടുവാൻ വന്നവരാണോ?' ഉടനെ അനുയായികളിലൊരാൾ പറഞ്ഞു: 'അല്ല, നിങ്ങൾ മരിച്ചു എന്നുകേട്ടതിലുള്ള സന്തോഷം പ്രകടിപ്പിക്കുവാൻ എത്തിയവരാണ്!'

ഇതൊരു സംഭവകഥ അല്ല. പോപ്പുലാരിറ്റിയുടെ പിന്നാലെ പോകുന്ന രാഷ്ട്രീയക്കാരെയും മറ്റും പരിഹസിക്കുവാൻ ആരുടെയോ ഭാവന ജന്മം നൽകിയ ഒരു കഥയാണിത്. ഈ കഥ ഒരു ഭാവനാസൃഷ്ടിയാണെങ്കിലും ഈ കഥയിലെ രാഷ്ട്രീയക്കാരെപ്പോലെ ചീപ്പ് പോപ്പുലാരിറ്റിയുടെ പിന്നാലെ പോകുന്നവർ ധാരാളമില്ലേ നമ്മുടെ സമൂഹത്തിൽ?

ഒരുപക്ഷേ ജനസമ്മതിയും പ്രസിദ്ധിയുമൊക്കെ കൂടുതൽ പിടിച്ചുപറ്റുവാൻ ശ്രമിക്കുന്നവർ രാഷ്ട്രീയക്കാരായിരിക്കാം. അവർക്കതിനു കാരണവുമുണ്ടല്ലോ. തെരഞ്ഞെടുപ്പിൽ വിജയിക്കണമെങ്കിൽ ജനസമ്മതി അത്യാവശ്യമാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? എന്നാൽ, തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവർ മാത്രമാണോ പോപ്പുലാരിറ്റിയുടെ പിന്നാലെ പോകുന്നത്? ആത്മീയ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ പോപ്പുലാരിറ്റിക്കുള്ള മോഹവും ദാഹവും നാം കാണാറുള്ളതാണല്ലോ.

എന്നാൽ നമുക്കു വേണ്ടതു പോപ്പുലാരിറ്റിയാണോ? അതോ ആത്മാഭിമാനവും മറ്റുള്ളവരുടെ ആദരവു നേടിയെടുക്കുന്ന പെരുമാറ്റ ശൈലിയുമാണോ? ഒരുപക്ഷേ, നമ്മുടെ ആത്മാഭിമാനവും ആത്മധൈര്യവുമൊക്കെ വർധിപ്പിക്കുന്നതു മറ്റുള്ളവരുടെ സ്തുതിയും പുകഴ്ചയുമാണെന്നായിരിക്കും നാം കരുതുക. എന്നാൽ, യഥാർഥ്യം അതാണോ?

നാം എത്രയും നല്ല മനുഷ്യരായിത്തീരുന്നുവോ അപ്പോഴല്ലേ നമ്മുടെ ആത്മാഭിമാനവും ആത്മസന്തോഷവുമൊക്കെ വർധിക്കുക? പോപ്പുലാരിറ്റിക്കുവേണ്ടി നമ്മുടെ ആത്മാവിനെ നാം കളങ്കപ്പെടുത്തിയാൽ എങ്ങനെ നമുക്കു സമാധാനവും സന്തോഷവും ലഭിക്കും?

മറ്റുള്ളവരുടെ അംഗീകാരവും ആദരവും നോക്കി മാത്രം നമ്മെ വിലയിരുത്തുവാൻ നാം പലപ്പോഴും ശ്രമിക്കാറുണ്ട്. അതുകൊണ്ടാണു നാം അറിയാതെ തന്നെ പോപ്പുലാരിറ്റിയുടെ പിന്നാലെ പോകുന്നത്. എന്നാൽ, നാം നമ്മെ വിലയിരുത്തുന്നതു യഥാർഥത്തിൽ ആയിരിക്കുന്നതനുസരിച്ചാണെങ്കിൽ പോപ്പുലാരിറ്റിയുടെ പിന്നാലെ നാം പോകില്ല.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# അടുത്തിരിക്കുന്നത് അനുഗ്രഹം

ഭൗതികമായ ഒരു മനസ്സോടെ ആത്മീയകാര്യങ്ങൾ അന്വേഷിക്കുന്നതാണ് ഇന്നു ക്രിസ്തീയലോകത്തെ ഏറ്റവും വലിയ തകരാറ്. ഫലം ആത്മീയമായ പല പ്രയോഗങ്ങളുടെയും വാക്കുകളുടെയും അർത്ഥം ഇന്നത്തെ വിശ്വാസിക്കു മനസ്സിലാകുന്നില്ല. അല്ലെങ്കിൽ തെറ്റിദ്ധരിച്ചിരിക്കുന്നു.

ഉദാഹരണത്തിന് 'അനുഗ്രഹം' എന്ന പദം എടുക്കുക. ഇന്നത്തെ വിശ്വാസിക്ക് 'അനുഗ്രഹം' എന്നാൽ എന്താണ്? സമ്പത്ത്, ആരോഗ്യം, സൗകര്യങ്ങൾ തുടങ്ങിയവ ധാരാളമായി കൈയാളാൻ അവസരം ലഭിക്കുന്നതിനെയാണ് 'ദൈവം അനുഗ്രഹിച്ചിരിക്കുന്നു' എന്നതിന്റെ തെളിവായി അവർ അടയാളപ്പെടുത്തുന്നത്.

പഴയനിയമത്തിൽ ഇതു ശരിയായിരിക്കാം. എന്നാൽ പുതിയ നിയമത്തിലേക്കു വരുമ്പോഴോ?



ബൈബിളിൽ 12 കാര്യങ്ങളെയോ വ്യക്തികളെയോ ദൈവം നേരിട്ട് അനുഗ്രഹിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത് നമുക്കു കാണാം. ഇതിൽ, ജലജന്തുക്കൾ (ഉൽപത്തി 1:22), മനുഷ്യൻ (ഉൽപ. 1:28;5:2), ഏഴാം ദിവസം (ഉൽപ.2:3), നോഹയും മക്കളും (ഉൽപ. 9:1), യിശ്മായേൽ (ഉൽപ. 17:20), അബ്രഹാം (ഉൽപ. 24:1,35), യിസ്ഹാക്ക് (ഉൽപ. 25:11, 26:12), യാക്കോബ് (ഉൽപ. 35:9), മിസ്രയീമ്യനായ പോത്തീഫർ (ഉൽപ. 39:5), യിസ്രായേൽ (ആവ.7:14; 12:7; 14:24; 15:14; 16:10), ഓബേദ്-ഏദോം (2 ശമു. 6:11-18) എന്നിങ്ങനെ പതിനൊന്നും പഴയനിയമത്തിലാണ്. ഇവിടെയെല്ലാം നൽകുന്ന അനുഗ്രഹങ്ങൾ ഭൗതിക അനുഗ്രഹങ്ങളാണു താനും. എന്നാൽ പന്ത്രണ്ടാമതായി, പുതിയനിയമത്തിൽ എഫേസ്യർ 1:3ൽ മാത്രമാണു 'ദൈവം അനുഗ്രഹിച്ചിരിക്കുന്നു' എന്നു രേഖപ്പെടുത്തിയിരിക്കുന്നത്. അതാകട്ടെ, ആത്മികാനുഗ്രഹമാണെന്നു വ്യക്തമായി എഴുതിയിരിക്കുന്നു.(സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു.)

ഭൗതികതയിൽ മനസ്സു വച്ചിരിക്കുന്ന ശരാശരി ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ആത്മികാനുഗ്രഹങ്ങളെക്കാൾ അവനു താൽപര്യം പണവും, സമ്പത്തും, ശത്രുസംഹാരവും, ദീർഘായുസ്സും മറ്റും ഉറപ്പു നൽകുന്ന പഴയ ഉടമ്പടിയുടെ ഭൗതികാനുഗ്രഹങ്ങളിലാണ്. അവന്റെ ഈ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുന്നതായിരുന്നു 'സമൃദ്ധിയുടെ സുവിശേഷം' എന്നതുകൊണ്ട് പടിഞ്ഞാറുനിന്ന് ആ ഉപദേശം വന്നപ്പോൾ അവൻ അതു രണ്ടു കൈയും നീട്ടി സ്വീകരിച്ചതിൽ എന്തത്ഭുതം? നാം എന്താഗ്രഹിക്കുന്നുവോ അതിനു യോജിച്ച ഉപദേശം നമുക്കു ലഭിക്കും എന്നത് എത്ര സത്യമാണ്!

പഴയ ഉടമ്പടിയിലെ ഭൗതികതലത്തിലെ അനുഗ്രഹങ്ങളിലാണു ശരാശരി ക്രിസ്ത്യാനിക്കു താല്പര്യം എന്നതുകൊണ്ട് ആ അനുഗ്രഹം പുതിയനിയമവിശ്വാസിക്കും പ്രസക്തമാക്കാൻ വേണ്ടി സമൃദ്ധിയുടെ പ്രവാചകന്മാർ അബ്രഹാമിന്റെ അനുഗ്രഹത്തെക്കുറിച്ച് പറയുവാൻ ആരംഭിച്ചു. 'അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിന്' എന്ന ഗലാത്യർ 3:14 പ്രയോഗമാണ് അതിന് ഉപോദ്ബലകമായി അവർ വ്യാപകമായി ഉപയോഗിച്ചത്. അബ്രഹാം അതിസമ്പന്നനായിരുന്നു. അവന് ആടുമാടുകളും ദാസീദാസന്മാരും ധാരാളം ഉണ്ടായിരുന്നു. അബ്രഹാമിന്റെ ഈ അനുഗ്രഹം പുതിയനിയമവിശ്വാസിക്കു ലഭ്യമാകാൻ വേണ്ടിയാണു ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നത് എന്നിങ്ങനെ ഈ വാക്യത്തെ വ്യാഖ്യാനിച്ചപ്പോൾ ഭൗതികാനുഗ്രഹത്തിൽ മാത്രം കണ്ണുവച്ച വിശ്വാസികൾക്കും താല്പര്യമായി-അബ്രഹാമിന്റെ 'അനുഗ്രഹ'ത്തിലൂടെ ഭൗതികസമൃദ്ധി തങ്ങൾക്കും കൈയാളാമല്ലോ. ഒപ്പം വചനത്തെ ഈ നിലയിൽ വ്യാഖ്യാനിച്ച സമൃദ്ധിയുടെ സുവിശേഷവും അവർക്ക് പ്രിയപ്പെട്ടതായി, വാസ്തവത്തിൽ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊത്തവണ്ണം അവർ ഉപദേഷ്ടാക്കന്മാരെ സ്വീകരിക്കുകയല്ലേ ചെയ്തത്? (തിമൊ.4:3).

എന്നാൽ ഗലാത്യർ 3:14ന്റെ അവസാനഭാഗം കൂടി വായിച്ചാൽ അവിടെയും പറഞ്ഞിരിക്കുന്നത് ആത്മാവിനെയും ആത്മികാനുഗ്രഹത്തെയും കുറിച്ചാണെന്നു വ്യക്തമാകും-'അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിനു നാം ആത്മാവെന്ന വാഗ്ദത്തവിഷയം പ്രാപിപ്പാൻ തന്നെ.' സ്വയം അനുഗ്രഹവിഷയമായിരിക്കുകയും അനുഗ്രഹം മറ്റുള്ളവരിലേക്കു പകരുകയും ചെയ്യുക (ഉൽപ.12:2) എന്ന അബ്രഹാമിനു ലഭിച്ച വിളി ക്രിസ്തുവിലൂടെ പുതിയനിയമ വിശ്വാസികളായ നമുക്കു ലഭ്യമാണ്. എന്നാൽ ആ അനുഗ്രഹം ഇന്ന് ഏതു തലത്തിലാണു നമുക്കു പ്രസക്തമായിരിക്കുന്നതെന്നു വ്യക്തതയില്ലാതെ നാം അബ്രഹാമിനെപ്പോലെ അതിസമ്പന്നരാകാൻ വേണ്ടിയാണു വിളിക്കപ്പെട്ടിരിക്കുന്നതെന്നും ഭൗതികാനുഗ്രഹമാണ് ദൈവപ്രസാദത്തിന്റെ തെളിവെന്നുമൊക്കെ ലളിതവൽക്കരിച്ചു വ്യാഖ്യാനിക്കുമ്പോൾ നാം നമ്മെക്കുറിച്ചുള്ള ദൈവഹിതത്തിന്റെ എതിർ ധ്രുവത്തിലാണ് എത്തിച്ചേരുക.

പുതിയനിയമവിശ്വാസിക്കുള്ള ആത്മികാനുഗ്രഹത്തെക്കുറിച്ചു പറയുന്ന നാം ഉദ്ധരിച്ച രണ്ടു വാക്യങ്ങളിലും -എഫേസ്യ 1:3; ഗലാത്യ.3:14- ആ അനുഗ്രഹം 'ക്രിസ്തുവിൽ' ആണെന്നു വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ യഥാർത്ഥ അനുഗ്രഹം ക്രിസ്തുവിലാണ്. അവിടുന്നു തന്നെയാണ് നമ്മുടെ മുഴുവൻ അനുഗ്രഹവും. ക്രിസ്തുവിനോട് അടുത്തു വരുമ്പോൾ നാം യഥാർത്ഥ അനുഗ്രഹത്തോട് അടുത്തുവരിയാണ്. അങ്ങനെയെങ്കിൽ ഈ അനുഗ്രഹത്തോട് അടുത്തുവരുവാൻ നമുക്കുള്ള പ്രധാനപ്രതിബന്ധം എന്താണ്? യെശയ്യാവ് 59:2ൽ അതു തെളിമയോടെ ഇങ്ങനെ പറഞ്ഞിരിക്കുന്നു 'നിങ്ങളുടെ അകൃത്യങ്ങൾ അത്രെ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രെ അവൻ കേൾക്കാതെവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയത്.'

നമ്മുടെ യഥാർത്ഥ അനുഗ്രഹമായ ക്രിസ്തു തന്റെ വശത്തുനിന്ന് നമ്മോട് എത്രയും അടുത്തുവരുവാനായി ആഗ്രഹിക്കുന്നു. ഈ ആഗ്രഹമാണ് അവിടുത്തെ മനുഷ്യാവതാരത്തോടുള്ള ബന്ധത്തിലും നാം കാണുന്നത്-'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും' (മത്തായി 1:22). ദൈവം നമ്മോടുകൂടെ - ഇമ്മാനുവേൽ -ആയിരിപ്പാൻ ആഗ്രഹിക്കുന്നു. എന്നാൽ അതിനു തൊട്ടുമുകളിലുള്ള വാക്യം ശ്രദ്ധിക്കുക: 'അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാനിരിക്കകൊണ്ട് നീ അവനു യേശു എന്നു പേർ ഇടേണം (1:21). ഈ രണ്ടു വാക്യങ്ങളും ചേർത്തു ചിന്തിച്ചാൽ നമുക്ക് ഒരു കാര്യം വ്യക്തമാകും. ദൈവം നമ്മോടുകൂടെ ഇമ്മാനുവേലായി ഇരിക്കണമെങ്കിൽ അവിടുന്ന് ഒന്നാമത് നമ്മെ പാപത്തിൽ നിന്നു രക്ഷിക്കുന്ന യേശുവായി (രക്ഷിതാവ്) തീരണം. ഒന്നാമത് 'യേശു'. രണ്ടാമത് 'ഇമ്മാനുവേൽ' - എന്ന ക്രമം ശ്രദ്ധിക്കുക. നമ്മുടെ യഥാർത്ഥ അനുഗ്രഹമായ ക്രിസ്തു നമ്മോട് അടുത്തിരിക്കുന്നില്ലെങ്കിൽ പാപമാണ് അതിനുള്ള തടസ്സം എന്നു നാം തിരിച്ചറിയണം.

യാക്കോബിന് ഈ കാര്യത്തെക്കുറിച്ചു നല്ല വ്യക്തത ഉണ്ടായിരുന്നു. അദ്ദേഹം എഴുതുന്നു: "ദൈവത്തോട് അടുത്തു ചെല്ലുവിൻ. എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും" (4:8). നമുക്ക് എങ്ങനെ ദൈവത്തോട് അടുത്തു ചെല്ലുവാൻ കഴിയും? അതേ വാക്യത്തിൽ യാക്കോബ് വിശദമാക്കുന്നു: "പാപികളെ, കൈകളെ വെടിപ്പാക്കുവിൻ. ഇരുമനസ്സുള്ളോരെ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ. സങ്കടപ്പെട്ടു ദുഃഖിച്ചു കരവിൻ."

യഥാർത്ഥ അനുഗ്രഹം തേടി രണ്ടുപേർ ദൈവാലയത്തിൽ ചെന്നിട്ടും ഒരാളുടെ അടുത്തേക്കു മാത്രം ദൈവം ചെന്നതിനെക്കുറിച്ച് കർത്താവ് ഒരു ഉപമ പറഞ്ഞിട്ടുണ്ടല്ലോ (ലൂക്കോ. 18:9-14). പരീശന്റെയും ചുങ്കക്കാരന്റെയും ഉപമയാണത്. അതിൽ ചുങ്കക്കാരനു പാപബോധം ഉണ്ടായിരുന്നു. അവൻ സങ്കടപ്പെട്ടു ദുഃഖിച്ചു കരഞ്ഞു. കൈകളെ വെടിപ്പാക്കി. ഹൃദയത്തെ ശുദ്ധീകരിച്ചു. അവന്റെ അടുത്തേക്കു നീതിമാനായ, കാരുണ്യവാനായ, ദൈവം ചെന്നു. അവനു ദൈവസാന്നിധ്യം അനുഭവിക്കാൻ കഴിഞ്ഞു. ഫലം അവൻ നീതീകരിക്കപ്പെട്ടവനായി സമാധാനത്തോടെ, അനുഗ്രഹത്തോടെ, വീട്ടിലേക്കു പോയി. എന്നാൽ പരീശൻ അക്ഷരാർത്ഥത്തിൽ ദൈവാലയത്തിൽ ചെന്നെങ്കിലും ദൈവത്തോട് അവൻ അടുത്തുചെന്നില്ല. ദൈവവും അവന്റെ അടുത്തേക്കു ചെന്നില്ല. ഫലം, പരീശന് അനുഗ്രഹിക്കപ്പെടാൻ കഴിഞ്ഞില്ല.

ആസഫ്, 73-ാം സങ്കീർത്തനത്തിൽ 27, 28 വാക്യത്തിൽ രണ്ടു കൂട്ടരെക്കുറിച്ച് പറയുന്നു. ഒന്ന്, ദൈവത്തോട് അകന്നിരിക്കുന്നവർ. രണ്ട്, ദൈവത്തോട് അടുത്തിരിക്കുന്നവർ. എന്നാൽ 'ദൈവത്തോട് അകന്നിരിക്കുന്നവർ നശിച്ചുപോകും' എന്നും യഥാർത്ഥ അനുഗ്രഹം ദൈവത്തോട് അടുത്തിരിക്കുന്നതാണെന്നും മനസ്സിലാക്കിയ ആസാഫ് ഒടുവിൽ തന്റെ തീരുമാനം പ്രഖ്യാപിക്കുന്നു: 'എന്നാൽ ദൈവത്തോട് അടുത്തിരിക്കുന്നത് എനിക്കു നല്ലത്.' ആസാഫിന്റെ ഈ നിർണ്ണയമാണ് ഇന്നും നമുക്കാവശ്യം.

അനുഗ്രഹത്തെ ഭൗതികതലത്തിൽ മാത്രം അടയാളപ്പെടുത്തുന്ന, യഥാർത്ഥ അനുഗ്രഹത്തിലേക്കുള്ള വഴി തിരിച്ചറിയാത്ത, സമകാലികക്രിസ്തീയത ഇന്നു ദൈവഹൃദയത്തിൽ നിന്ന്എത്ര അകലെയാണ്!

## വാക്കുകളുടെ അർത്ഥം



റോമൻ സൈനികത്തലവൻ ടൈറ്റസ്- ഇദ്ദേഹം പിന്നീട് റോമാചക്രവർത്തിയായി- യെരുശലേം ഉപരോധിച്ചു. പട്ടണത്തിനു ചുറ്റും പാളയമടിച്ചപ്പോൾ യഹൂദന്മാർ കീഴടങ്ങാതെ നഗരത്തിനുള്ളിൽ തന്നെ കഴിഞ്ഞു. ഭക്ഷണസാധനങ്ങൾ അകത്തേക്കു കൊണ്ടുവരുവാൻ നിവൃത്തിയില്ലാത്തതിനാൽ പട്ടിണിയും പിന്നീട് പകർച്ചവ്യാധിയും പടർന്നു പിടിച്ചു. അനേകർ മരണമടഞ്ഞു.

ഈ അവസരത്തിൽ എങ്ങനെയും ഈ ഉപരോധം അവസാനിപ്പിക്കണമെന്നുറപ്പിച്ച് യോഹന്നാൻ ബെൻ സക്കായി എന്ന യഹൂദ പുരോഹിതൻ സൈനികനിരകൾ ഭേദിച്ച് ഒരുവിധത്തിൽ ടൈറ്റസിന്റെ കൂടാരത്തിൽ എത്തി. അദ്ദേഹം സൈന്യാധിപന്റെ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചിട്ട് ഇങ്ങനെ പറഞ്ഞു: "എത്രയും മഹാനായ രാജാവേ! ഈ പട്ടണത്തെ രക്ഷിക്കൂ. ഒരു തെറ്റുപോലും ചെയ്യാത്ത നിരവധി സ്ത്രീകളും കുട്ടികളും ഇതിനുള്ളിൽ നരകയാതനയനുഭവിക്കുന്നു." "നിർത്തൂ" മുഴുവനും പറയാൻ അനുവദിക്കാതെ ടൈറ്റസ് പറഞ്ഞു: "നിങ്ങൾ നുണയാണ് പറയുന്നത് റബായ്. എന്നോടു പറഞ്ഞതെല്ലാം പച്ചക്കള്ളം മാത്രം." "ഞാനെപ്പോഴാണ് നുണ പറഞ്ഞത് പ്രഭോ? ഞാൻ നുണ പറയാറില്ല. രാജരാജനോട് ഒരിക്കലും പറയുകയില്ല." എന്ന് അത്ഭുതപ്പെട്ടു റബി പറഞ്ഞപ്പോൾ ടൈറ്റസിന്റെ മറുപടി ഇങ്ങനെ: "നിങ്ങൾ എന്നോടു പറഞ്ഞ ആദ്യവാക്കുതന്നെ കളവല്ലേ? നിങ്ങൾ എന്നെ രാജാവെന്നു വിളിച്ചു. ഞാൻ നിങ്ങളുടെ രാജാവല്ലെന്നു നിങ്ങൾക്കു നന്നായി അറിയാം. ഇനി അങ്ങനെയായിരുന്നെങ്കിൽ ഞാനിങ്ങനെ മാസങ്ങളായി കൂടാരം കെട്ടി താമസിക്കേണ്ടി വരുമോ? നിങ്ങൾ യെരുശലേമിന്റെ വാതിലുകൾ എനിക്കായി തുറന്നിടുകയില്ലേ? എന്നെ രാജാവിനെപ്പോലെതന്നെ നിങ്ങൾ സ്വീകരിക്കുകയില്ലേ? ഒരിക്കലും നുണ പറയാത്തവൻ എന്ന ഖ്യാതിയുള്ള പുരോഹിതന് തിരിച്ചൊന്നും പറയാനുണ്ടായില്ല.

ഇതുപോലുള്ള നുണകൾ നാമും പറയാറുണ്ടോ? അർത്ഥം മനസ്സിലാക്കിത്തന്നെയാണോ വാക്കുകൾ ഉപയോഗിക്കുന്നത്? പ്രാർത്ഥിക്കുമ്പോൾ പറയാറുള്ള വാക്കുകൾ എല്ലാം സത്യമോ? ദൈവത്തെ നാം 'പിതാവേ' എന്നു വിളിക്കുന്നു. അങ്ങനെയെങ്കിൽ ആ പിതാവിന്റെ കല്പനകൾ നാം അനുസരിക്കുകയും വേണമല്ലോ! അതോ യോഹന്നാൻ ബെൻ സക്കായിയെപ്പോലെ കാര്യസാദ്ധ്യത്തിനുവേണ്ടി മാത്രം ഇല്ലാത്ത കാര്യം ഉണ്ടെന്നു പറയുന്നവരോ?




സത്യസന്ധരായ തത്വചിന്തകരെല്ലാം പരിപൂർണമായ സ്വാതന്ത്ര്യത്തെയാണ് എന്നും സ്വപ്നം കണ്ടുപോന്നത്. വിലക്കുകളും തടസ്സങ്ങളും അവ അനിവാര്യമാക്കിത്തീർക്കുന്ന മർദനങ്ങളുമില്ലാത്ത ഒരു ഭൂമിയിൽ, മനുഷ്യർ അവരുടെ മനുഷ്യത്വത്തിന്റെ കേന്ദ്രത്തിൽ, ജീവിതം ആനന്ദകരമായി സാക്ഷാത്കരിക്കുന്ന ഒരവസ്ഥയെക്കുറിച്ചുള്ള സങ്കൽപം അവരെയെല്ലാം ലഹരി പിടിപ്പിച്ചു. സങ്കൽപസ്വർഗം അഥവാ ഉട്ടോപ്യയെക്കുറിച്ചുള്ള ഒരു പൊതുകാഴ്ചപ്പാട് അവരെല്ലാം പങ്കിട്ടു. വിശദാംശങ്ങളിൽ ഭിന്നിച്ചിരുന്നുവെങ്കിലും ഉട്ടോപ്യകളുടെ അനിവാര്യതയിൽ അവർ സംശയിച്ചിരുന്നില്ല. സ്വാതന്ത്ര്യം എന്ന പദം ഈ തലമുറ ഒരുപാട് ദുർവ്യാഖ്യാനം ചെയ്യുന്നു. പരിമിതികളും പരിധികളുമില്ലാത്ത ഒരു ജീവിതത്തിലേക്കുള്ള കുതിപ്പിലാണ് ലോകം.

സ്നേഹത്തിന്റെ ചരട് പൊട്ടിച്ചാണു ധൂർത്തപുത്രൻ സ്വതന്ത്രനായത്. പിതാവിന്റെ കരവലയം ഒരു മടുപ്പിക്കുന്ന ബന്ധനമായിട്ട് അയാൾക്കനുഭവപ്പെട്ടു. എല്ലാ യുവാക്കളിലും കേൾക്കുന്ന പരിഭവവും പരാതിയും ആരൊക്കെയോ അവരെ നിയന്ത്രിക്കുന്നതിനെക്കുറിച്ചുള്ളതാണ്.

പക്ഷിക്കൊരു സ്വാതന്ത്ര്യമുണ്ട്, ആകാശത്തിലൂടെ പറക്കാൻ. സിംഹത്തിനൊരു സ്വാതന്ത്ര്യമുണ്ട്, കാട് അടക്കിഭരിക്കാൻ. മനുഷ്യനൊരു സ്വാതന്ത്ര്യമുണ്ട്. പുരുഷനൊരു സ്വാതന്ത്ര്യമുണ്ട്; സ്ത്രീക്കൊരു സ്വാതന്ത്ര്യമുണ്ട്. വ്യത്യസ്തതകളും പരിധികളും ഉൾക്കൊള്ളാൻ തക്ക വിശാലമായ മനസാണു സ്വാതന്ത്ര്യം. റോഡിലെ വരകളുടെയും അടയാളങ്ങളുടെയും നിബന്ധനകളിലൂടെ വാഹനം ഓടിക്കാനുള്ള സ്വാതന്ത്ര്യമാണു നിങ്ങൾക്കു ലഭിച്ചിരിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ അർഥം നിബന്ധനകൾ നിങ്ങൾ സ്വമേധയാ ഉൾക്കൊള്ളുന്നുവെന്നതാണ്.

തിരിച്ചുവന്ന് അപ്പന്റെ കരവലയത്തിലേക്കു സ്വയം അമരുന്ന ധൂർത്തപുത്രൻ സ്വതന്ത്രനാണ്. അയാൾ അപ്പൻ വരച്ചിട്ട വരകളുടെ കാരുണ്യവും കരുതലും തിരിച്ചറിഞ്ഞിരിക്കുന്നു. പരിധിവിട്ട ജീവിതമാണു പാപം. ആകാശത്തെക്കാൾ വലുതായിരുന്നു ക്രിസ്തുവിന്റെ സ്വാതന്ത്ര്യം. ക്രിസ്തു തന്നെക്കുറിച്ചു പറയുന്ന സാക്ഷ്യം പിതാവിൽനിന്നു കേട്ടതല്ലാതെ ഒന്നും അവൻ പറയുന്നില്ലെന്നും പിതാവ് ചെയ്യുന്നതല്ലാതെ ഒന്നും ചെയ്യുന്നില്ലെന്നുമുള്ളതാണ്. ദൈവത്തിന്റെ മനസിലൂടെ മാത്രം നടക്കുന്നുവെന്നതാണു ക്രിസ്തുവിന്റെ സ്വാതന്ത്ര്യം. രക്തം വിയർക്കുമ്പോഴും പറയാനുള്ളതൊന്നേയുള്ളു 'എന്റെ ഇഷ്ടമല്ല, അവിടുത്തെ തിരുവിഷ്ടം നിറവേറട്ടെ.' കൂടുതൽ സ്വാതന്ത്ര്യത്തിൽനിന്നും മടങ്ങി പിതാവിന്റെ കരവലയത്തിലൊതുങ്ങുന്ന ധൂർത്തപുത്രനെ കാണുന്നു. മടക്കയാത്ര ജീവിതത്തിന്റെ അതിർവരമ്പുകൾക്കപ്പുറത്തേക്കു ദാഹാർത്തമായി അലയുന്ന മിഴികളെ തിരിച്ചുവിളിക്കുന്നതാണ്.

പാപത്തിൽ നിന്ന് വിശുദ്ധിയിലേക്ക്, ഭൗതീകതയിൽ നിന്ന് ആത്മീയതയിലേക്ക് ഒരു മടക്കയാത്ര. അപ്പന്റെ ഭവനത്തിലേക്കുള്ള ആ യാത്രയാണ് യഥാർത്ഥ സ്വാതന്ത്ര്യമെന്ന് ധൂർത്ത പുത്രൻ ഇന്ന് തിരിച്ചറിയുന്നു. ജീവിതം ആനന്ദകരമായി സാക്ഷാത്കരിക്കുന്നതെങ്ങനെയെന്ന് അവൻ കണ്ടെത്തിയിരിക്കുന്നു.

# യാത്രയും ലക്ഷ്യവും

ടി.എം.വർഗ്ഗീസ്



*'അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽവെച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ...'* (സങ്കീ. 2:12).

നാം ഏവരും യാത്രചെയ്യുന്നവരാണല്ലോ? പണ്ടുകാലങ്ങളിൽ ബഹുദൂരം കാൽനടയായി യാത്രചെയ്തിരുന്നതുപോലെ ഇക്കാലത്ത് അങ്ങിനെ മനുഷ്യർ കാൽനടയായി ദൂരയാത്ര ചെയ്യാറില്ല. ഈ ആധുനിക കാലത്ത് വാഹനങ്ങളിലാണ് നാം യാത്ര ചെയ്യുന്നത്. കാൽനടയായി യാത്ര ചെയ്താലും വാഹനങ്ങളിൽ യാത്ര ചെയ്താലും വഴിയിൽ യാതൊരാപത്തും കൂടാതെ സുരക്ഷിതരായി ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുവാനാണ് നാം ഏവരും ആഗ്രഹിക്കുന്നത്. എന്നാൽ ആഗ്രഹിക്കുന്നതുപോലെ ലക്ഷ്യസ്ഥാനത്ത് എത്താതെ അനേകർ വഴിയിൽവെച്ച് നശിച്ചുപൊയ്ക്കൊണ്ടിരിക്കുന്ന കാഴ്ച അനുദിനം നാം കണ്ടുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണല്ലോ? വളരെ പ്രതീക്ഷയോടെ ലക്ഷ്യസ്ഥാനത്തു എത്തിച്ചേരുവാനായി മലേഷ്യൻ വിമാനത്തിൽ യാത്രതിരിച്ച ഇരുന്നൂറ്റി നാല്പത്തിയൊൻപത് യാത്രക്കാർ വഴിയിൽ പട്ടുപോയി. നാളുകൾ പലതുകഴിഞ്ഞിട്ടും ആ വിമാനം ഇന്നുവരെ കണ്ടെത്തുവാൻ കഴിയാത്തത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. ഒരു വ്യക്തി എത്തേണ്ട സ്ഥാനത്ത് എത്താതെ വഴിയിൽവച്ചു നശിച്ചുപോയാലുള്ള ദുഃഖം എത്രയെന്നുള്ളത് ഓർത്തുനോക്കുക.



മുകളിൽ ഉദ്ധരിച്ച വേദവാക്യം ഒരു മുന്നറിയിപ്പായി നമ്മെ ഉദ്ബോധിപ്പിക്കുന്നത്: നാം വഴിയിൽവച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ എന്നാണ്. നമ്മുടെ ജീവിതയാത്രയ്ക്ക് ഒരു ലക്ഷ്യം ഉണ്ടായിരിക്കേണം. ലക്ഷ്യമില്ലാതെ യാത്രചെയ്യുന്നവർ മൃഗതുല്യരാണ്. നാം ഏവരും ജീവിതയാത്രക്കാരാണ്. ഈ ലോക ജീവിതയാത്രയിൽ രണ്ടുതരം യാത്രക്കാരെ കാണാവുന്നതാണ്. ഒരു കൂട്ടർ, ജീവിതത്തിൽ ലക്ഷ്യമില്ലാതെ യാത്ര ചെയ്യുന്നവർ. ഒരു ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ട് യാത്ര ചെയ്യുന്ന വേറൊരു കൂട്ടർ. ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ട് യാത്ര ചെയ്യുന്നവരാണ് ദൈവവിശ്വാസികൾ. അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നീ വിശുദ്ധന്മാർ ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ ഒരു നഗരത്തെ നോക്കി യാത്ര ചെയ്തവരാണ് (എബ്രാ. 11:9-10). മരണത്തോടുകൂടി ഈ ലോകയാത്രയുടെ അന്ത്യം കുറിക്കുമ്പോൾ യഥാർത്ഥ ലക്ഷ്യത്തിൽ എത്തിച്ചേർന്നു എന്ന് ഒരു ദൈവഭക്തനു മാത്രമേ പറയുവാൻ കഴിയുകയുള്ളു.

## പുത്രനെ ചുംബിക്കുക

എന്തിനു പുത്രനെ ചുംബിക്കണം. നാം നശിച്ചുപോകാതിരിപ്പാൻ പുത്രനെ ചുംബിക്കുക എന്ന് തിരുവചനം പറയുന്നു. ദാവീദ് പ്രവചനാത്മാവിൽ ദൈവപുത്രനായ ക്രിസ്തുവിനെയാണ് 'പുത്രൻ' എന്ന് മുകളിൽ ഉദ്ധരിച്ച വേദവാക്യത്തിൽ പറഞ്ഞിരിക്കുന്നത്. ക്രിസ്തു ദൈവപുത്രൻ എന്ന് പിതാവായ ദൈവം തന്നേ സാക്ഷ്യപ്പെടുത്തിയിരിക്കുന്നുവല്ലോ? (മത്താ. 3:17; 17:5; എബ്രാ. 1:5,8; 5:5) വിശുദ്ധ പൗലോസ് പറയുന്നത്: ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതയിൽ നിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു 'ദൈവപുത്രൻ' എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നു... (റോമ. 1:5).

...മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽ നിന്നു വരുന്നതു കാത്തിരിപ്പാനും...(1 തെസ്സ.1:9). യേശു ദൈവപുത്രൻ ആയിരിക്കുമ്പോൾ തന്നെ മനുഷ്യപുത്രനായി ഈ ലോകത്തിൽ അവതരിച്ചു. എന്നാൽ അന്നുള്ള മഹാപുരോഹിതന്മാരും ജനത്തിൽ പ്രമാണികളും യേശു ദൈവപുത്രൻ എന്ന് വിശ്വസിച്ചില്ല. യേശു ക്രൂശിൽ ജീവനെ വെടിഞ്ഞപ്പോൾ ശതാധിപനും അവനോടുകൂടെ യേശുവിനെ കാത്തിനിന്നവരും ഭൂകമ്പം മുതലായവ സംഭവിച്ചതു കണ്ടിട്ട് അവൻ 'ദൈവപുത്രൻ' ആയിരുന്നു സത്യം എന്നു പറഞ്ഞ് ഏറ്റവും ഭയപ്പെട്ടു (മത്താ. 27:54).

ആരും വഴിയിൽ അഥവാ ജീവിതയാത്രയിൽ നശിച്ചുപോകാതിരിപ്പാനാണ് പുത്രനെ ചുംബിക്കേണ്ടത്. തിരുവചനം പറയുന്നു: തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനായി ദൈവം തന്റെ പുത്രനെ ഈ ലോകത്തിൽ അയച്ചു. യേശുവിൽ വിശ്വസിക്കാത്ത ഏവരും നശിച്ചുപോകും. ദൈവകോപം അവരുടെമേൽ വരും. പുത്രനെ ചുംബിക്കുക എന്നു പറഞ്ഞാൽ പുത്രനെ സ്നേഹിക്കുക എന്നാണ് മനസ്സിലാക്കേണ്ടത്. സ്നേഹത്തിന്റെ പ്രകടനമാണല്ലോ ചുംബനം. പുത്രനെ ചുംബിക്കാത്തവൻ അഥവാ പുത്രനെ സ്നേഹിക്കാത്ത ഏവനും ശപിക്കപ്പെട്ടവൻ എന്നാണ് തിരുവചനം പറയുന്നത് (1 കൊരി. 16:22).

ദൈവപുത്രനെ അഥവാ ദൈവത്തെ നാം സ്നേഹിക്കുന്നത് ദൈവകല്പനകൾ പ്രമാണിക്കുന്നതിനാലാണെന്ന് തിരുവചനം വ്യക്തമാക്കുന്നു.

ചില വേദഭാഗങ്ങൾ ഉദ്ധരിക്കുന്നത് ശ്രദ്ധിക്കുക:

"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹ.14:15).

"എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു.." (യോഹ. 14:21).

"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും" (യോഹ. 14:23).

"അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം" (1 യോഹ. 5:3).

ആകയാൽ പുത്രനെ ചുംബിക്കുക എന്നു പറഞ്ഞാൽ പുത്രനെ (കർത്താവിനെ) സ്നേഹിക്കുക എന്നും, കർത്താവിനെ സ്നേഹിക്കുന്നത് കർത്താവിന്റെ കല്പനകൾ പ്രമാണിക്കുന്നതും ആകുന്നു എന്ന് കണ്ടുവല്ലോ?

ദൈവം മോശെ മുഖാന്തിരം കൊടുത്ത കല്പനകളും ന്യായപ്രമാണങ്ങളും പഠിച്ച് നിശ്ചയം പ്രാപിച്ച ഒരു ശാസ്ത്രി വന്ന് കർത്താവിനോട്: "എല്ലാറ്റിലും മുഖ്യ കല്പന ഏത് എന്നു ചോദിച്ചതിനു യേശു ഉത്തരം പറഞ്ഞത്: യിസ്രായേലേ കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കേണം എന്നാകുന്നു (മർക്കൊ. 12:30).

ഒരു മകൻ അപ്പനെ അനുസരിക്കുന്നതുപോലെ ദൈവകല്പന നാം ചോദ്യം ചെയ്യാതെ അനുസരിക്കുമ്പോൾ ദൈവത്തെ നാം സ്നേഹിക്കുന്നു എന്നും ദൈവം നമ്മെ സ്നേഹിക്കുന്നു എന്നു നാം അറിയുന്നു. (തുടരും)

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***ഒരിക്കൽ കൃപയാൽ വിശ്വാസം മൂലം സൗജന്യമായി ലഭിച്ച രക്ഷ നഷ്ടപ്പെടുകയില്ലായെന്ന് ചില വേദപണ്ഡിതരും അവരെ ഉദ്ധരിച്ച് ഞങ്ങളുടെ സഭാപാസ്റ്ററും പറയുന്നു. അങ്ങനെയെങ്കിൽ രക്ഷിക്കപ്പെട്ടശേഷം വീണ്ടും പാപം ചെയ്യാമല്ലോ. രക്ഷിക്കപ്പെട്ടതിനുമുമ്പുള്ള പാപമാണോ പ്രശ്നം. ആശയക്കുഴപ്പം ഉണ്ടാകാത്ത വിധത്തിൽ ഇതിനൊരു മറുപടി തന്ന് സഹായിക്കുക.***

***ജോർജ്ജ് വർഗ്ഗീസ്, തുവയൂർ, കടമ്പനാട്, പത്തനംതിട്ട***

**ദൈവ**ത്തിന്റെ കരുണയാലും കൃപയാലും വിശ്വാസംമൂലം വിശ്വാസിക്ക് കൈവന്ന ദൈവത്തിന്റെ ദാനമായ രക്ഷ (തീത്തോസ് 3:5; എഫേ.2:5) ഒരിക്കലും നഷ്ടപ്പെടുവാൻ സാധ്യതയില്ല എന്ന പ്രസ്താവനയോട് വിയോജിക്കുന്നു. രക്ഷയുടെ ഭദ്രതയെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നതുപോലെ തന്നെ വിശ്വാസിയുടെ ഉത്തരവാദിത്വത്തെപ്പറ്റിയും വ്യക്തമാക്കിയിരുന്നെങ്കിൽ ഇത്തരത്തിൽ ഒരു ആശയക്കുഴപ്പമുണ്ടാകുമായിരുന്നില്ല. ശരീരത്തിന് വീണ്ടെടുപ്പ് ലഭിച്ചിട്ടില്ല എന്നും ലോകം, ജഡം, പിശാച് എന്നിവയാൽ വിശ്വാസി പരീക്ഷിക്കപ്പെട്ടിട്ട് വീണുപോകാതിരിപ്പാൻ കരുതിക്കൊള്ളേണ്ടതാവശ്യം എന്നും എടുത്തുപറയേണ്ടിയിരിക്കുന്നു.

എബ്രായ വിശ്വാസികളുടെ പിന്മാറിപോകാവുന്ന അവസ്ഥയെ ചൂണ്ടികാണിച്ചുകൊണ്ട് പ്രസ്താവിച്ചിരിക്കുന്നത് "ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റിയൊഴിയും (എബ്രാ.2:14) എന്നാണ്. രക്ഷയെ ഗണ്യമാക്കാതെ ജീവിച്ചാൽ അതപകടമായിത്തീരും എന്നുള്ള മുന്നറിയിപ്പാണിവിടെ കാണുന്നത്. ഇതോടനുബന്ധിച്ച് സൂക്ഷിക്കുക, പിടിച്ചുകൊൾക, ഭയപ്പെടുക, കരുതുക, പ്രാർത്ഥിക്കുക, മുറുകെപിടിച്ചുകൊൾക എന്നിങ്ങനെയുള്ള പ്രബോധനങ്ങൾ എന്തിനു നൽകിയിരിക്കുന്നു എന്നു നാം ചിന്തിക്കണം.



കൊരിന്ത്യ സഭയിലെ വിശ്വാസികൾ രക്ഷിക്കപ്പെടുന്നതിനുമുമ്പ് പലവിധമായ പാപങ്ങൾക്കുവിധേയരായി ജീവിച്ചിരുന്നവരായിരുന്നുവെങ്കിലും കർത്താവിലുള്ള വിശ്വാസത്താൽ ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചു എന്നു കാണുന്നു (1 കൊരി. 6:9). എന്നാൽ ഇപ്രകാരമുള്ള ശുദ്ധീകരണത്താലുള്ള വിശുദ്ധി പ്രാപിച്ചശേഷവും പാപം തുടർന്നുകൊണ്ടിരുന്നാലോ? ദൈവരാജ്യമവകാശമാക്കുകയില്ലായെന്ന് മുമ്പ് സൂചിപ്പിച്ചതുപോലെ ഇപ്പോഴും നിങ്ങളോട് മുൻകൂട്ടി പറയുന്നു എന്ന് (ഗലാത്യർ 5:19-21) പൗലോസ് ഗലാത്യവിശ്വാസികളോട് പറയുന്നതിൽ നിന്നും എന്താണ് മനസ്സിലാക്കേണ്ടത്? രക്ഷിക്കപ്പെടുന്നതിനുമുമ്പ് പാപത്തിൽ ജീവിച്ചിരുന്നതിനാൽ ദൈവരാജ്യമവകാശമാക്കുകയില്ലായിരുന്നെന്നും രക്ഷിക്കപ്പെട്ട ശേഷം പാപം ചെയ്തു ജീവിച്ചാൽ ദൈവരാജ്യം ലഭിക്കുമെന്നുമാണോ? ഒരിക്കലുമല്ല.

വിഗ്രഹാരാധനയിൽ അകപ്പെട്ട യിസ്രായേലിനെപ്പറ്റി യഹോവ പറയുന്നത് 'പാപം ചെയ്തവന്റെ പേർ ഞാൻ എന്റെ പുസ്തകത്തിൽ നിന്നും മായിച്ചുകളയും (പുറ.32:33; സങ്കീ. 69:28), സർദ്ദീസിലെ സഭയിൽ ജീവിതമാകുന്ന ഉടുപ്പിനെ മാലിന്യപ്പെടുത്താതിരുന്നവരെപ്പറ്റി പറയുന്നത് 'അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്നും മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും (വെളി. 3:5). തീർച്ചയായും ജഡികമായ പാപപ്രവൃത്തികൾ രക്ഷിക്കപ്പെട്ടശേഷം ഒരു വിശ്വാസി തുടർന്നാൽ അവന് ദൈവരാജ്യം-ജീവൻ നഷ്ടപ്പെടുകയും നരകവിധിക്ക് പാത്രീഭൂതനാകുകയും ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല (റോമ. 8:13; 1:29-32; 1 കൊരി. 6:8,9). അതേ സമയം ജഡപ്രകാരം സഞ്ചരിക്കാതെ ആത്മപ്രകാരം സഞ്ചരിക്കുന്നവരായ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല (റോമ. 8:1).

1 കൊരി. 6:10,11 പറഞ്ഞിരിക്കുന്നപ്രകാരം ശുദ്ധീകരിക്കപ്പെട്ട വിശ്വാസി റോമർ 8:13-ൽ പറഞ്ഞിരിക്കുന്നതുപോലെ ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കേണ്ടതാവശ്യം. ജഡത്തിന്റെ ഇഷ്ടത്തിനൊത്ത് ജീവിച്ചാൽ ശിക്ഷാവിധിയിൽ അകപ്പെടുകതന്നെ ചെയ്യും. അതേസമയം ഏതെങ്കിലും വിധത്തിൽ പാപം ചെയ്തു വീഴ്ച സംഭവിച്ചാൽ അനുതാപത്തിനും ശുദ്ധീകരണത്തിനും വഴിയുള്ളതിനാൽ അതു പ്രയോജനപ്പെടുത്തി അനുതാപത്താലും, വചനം, ആത്മാവ്, രക്തം ഇവയാലുള്ള കഴുകലിനാലും ശുദ്ധീകരിക്കപ്പെട്ട് വിശുദ്ധനായിത്തീരാവുന്നതാണ് (1 യോഹ. 2:1,2; 1:7,9).

യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിച്ച് ഹൃദയത്തിൽ അവനെ സ്വീകരിച്ചപ്പോൾ അതിമഹത്തും വിസ്മയകരവുമായ കാര്യങ്ങൾ സംഭവിച്ചു (കൊലൊ. 1:27; ഗലാ. 4:6) എന്ന കാര്യത്തിൽ തർക്കമില്ല. ആത്മാവ് രക്ഷിക്കപ്പെട്ടുകഴിഞ്ഞു എന്നുള്ളതാണ് ഇതിന്റെ കാതലായവശം. രക്ഷിക്കപ്പെടലിൽ വീണ്ടുംജനനമാണ് സംഭവിച്ചിരിക്കുന്നതെന്ന് നാം ഓർക്കണം. ഒരു ശിശു ജനിച്ചാൽ അതിനു സംരക്ഷണമാവശ്യമായിരിക്കുന്നതുപോലെ വീണ്ടും ജനിച്ച വിശ്വാസിക്കുമേൽ ലോകം, ജഡം, പിശാച് ഇവ ആധിപത്യം നടത്തി തകർത്തുകളയുവാൻ സാധ്യതയുള്ളതിനാൽ പരിശുദ്ധാത്മാവിൽ കൂടെ ലഭിക്കുന്ന സംരക്ഷണം-പരിചരണം അനിവാര്യം.

ഭൗതികതയിൽ നിന്ന് ആത്മീയ മണ്ഡലത്തിലേക്ക് ഉയരുവാൻ ആഗ്രഹിക്കുന്ന വിശ്വാസിയെ ആകർഷിച്ചകപ്പെടുത്തി അമർച്ച ചെയ്യുവാൻ ആഗ്രഹിക്കുന്ന പഴയമനുഷ്യൻ (എഫേ. 4:22-24) എന്നു വിശേഷിപ്പിക്കാവുന്ന ജഡത്തേയും വിശ്വാസിയെ വീഴ്ത്തുവാൻ ഒളിഞ്ഞും തെളിഞ്ഞും (1 പത്രോ. 5:8) ശ്രമിക്കുന്ന പിശാചിനെയും അതിജീവിക്കുവാൻ രക്ഷിക്കപ്പെട്ടുകഴിഞ്ഞു എന്നുള്ള ഉറപ്പുമതിയോ?

ഇവിടെയാണ് വർത്തമാനകാലരക്ഷ അഥവാ രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുക എന്നതിന്റെ പ്രസക്തി. പാപത്തിനു അടിമപ്പെടാതെവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയമനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു (റോമ.6:8) എന്നും പാപം സംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതെങ്ങനെ (റോമ. 6:2) എന്നും വചനത്തിൽ വ്യക്തമാക്കിയിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുമ്പോൾ തന്നെ പാപത്തിലേക്ക് വഴുതിവീഴാനുള്ള പ്രവണതയുമായി ജഡം നമ്മിലുണ്ടെന്നുള്ള വസ്തുതയും കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ഇവിടെ പാപത്തിന് മരിച്ചിരിക്കുകയാണെന്ന ബോധത്തോടെ ജഡത്തെ ദിനേന ക്രൂശിച്ചുകൊണ്ട് പരിശുദ്ധാത്മാവിന് പൂർണ്ണമായി വിധേയപ്പെടുത്തി സമർപ്പിക്കുക (റോമ.6:9-14; ഗലാ. 5:4-1; 1 യോഹ. 2:15,18) എന്നൊരാത്മീയ പ്രമാണം വിശ്വാസിക്ക് ജയജീവിതം സാദ്ധ്യമാക്കുവാൻ ഉണ്ട് എന്നു നാം അറിഞ്ഞിരിക്കണം. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാ. 6:14) എന്നാണല്ലോ അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത്.

ദൈവസ്നേഹത്തെ വിട്ട് ലോകസ്നേഹത്തിലേക്ക് വഴുതിവീഴാതിരിക്കുക എന്ന ആത്മീയ തത്വം പ്രായോഗികമാക്കുകയാണിവിടാവശ്യം. അതുകൊണ്ട് വിശ്വാസികളുടെ ജീവിതത്തിൽ തെറ്റുകൾ ഉണ്ടാകുകയില്ല എന്നല്ല അങ്ങനെ സംഭവിച്ചാൽ പരിശുദ്ധാത്മ സഹായത്താലുള്ള അനുതാപത്തിലൂടെ ശുദ്ധീകരണം പ്രാപിച്ച് വിശുദ്ധനാകേണം (സങ്കീ. 32:3,5; 2 ശമു. 12:13; 1 യോഹ.1:9; യാക്കോ. 5:19,20) അശുദ്ധജീവിതം, അവിശ്വാസം തുടങ്ങി ഏതെങ്കിലും വിധത്തിലുള്ള പാപസ്വഭാവങ്ങളിൽ കുടുങ്ങി അനുതാപം കൂടാതെ അശുദ്ധിയിൽത്തന്നെ ഒരു വിശ്വാസി ലോകത്തിൽ നിന്നും മാറ്റപ്പെട്ടാൽ അവൻ ശിക്ഷാവിധിയിൽ അകപ്പെടുകതന്നെ ചെയ്യും (1 കൊരി. 6:8,9).

***അയ്യായിരം വർഷത്തെ ഹൈന്ദവ പാരമ്പര്യവും രണ്ടായിരം വർഷത്തെ ക്രിസ്തീയ പാരമ്പര്യവും ചേർത്ത് ക്രിസ്തീയ പാരമ്പര്യത്തെ ആക്ഷേപിക്കുന്ന ഒരു പ്രസംഗം ഇതോടൊപ്പം അയയ്ക്കുന്നു. തീർച്ചയായും പ്രതികരിക്കണം. ഞങ്ങൾ അത് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.***

***വി.ജെ.കുഞ്ഞുമ്മൻ, മുഴുക്കീർ, കല്ലിശ്ശേരി, തിരുവല്ല***

**വ**സ്തുതകൾ തുറന്നു പറയാനുള്ള സ്വാതന്ത്ര്യമില്ല എന്നറിയുക. വിവാദങ്ങളിൽ താൽപര്യമില്ലാത്തതുകൊണ്ട് ഒതുക്കത്തിൽ ഒരു മറുപടി പറയാനെ സാധിക്കുന്നുള്ളു.

ഇന്ത്യയുടെ അയ്യായിരം വർഷത്തെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് രോമാഞ്ചത്തോടെ പ്രസംഗിക്കുന്നത് ഞാൻ കേട്ടു. അയ്യായിരം വർഷത്തെ സാംസ്കാരിക പാരമ്പര്യമെന്ന് ചരിത്രം പറയുന്നത് പാതി നേര്, പാതി നുണ എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. എനിക്കതിനുള്ള ന്യായങ്ങളുണ്ട്. സന്ദേഹങ്ങളുണ്ട്. വായിച്ചുപഠിച്ച ചരിത്രത്തിൽ നിന്നുതന്നെയാണ് എന്റെ അവിശ്വാസവും സന്ദേഹങ്ങളും ഉയർന്നുവന്നത്. നമ്മൾ പഠിച്ച ചരിത്രം പാതിയും നുണയാണ്.

അങ്ങനെ പറയേണ്ടിവരുന്നത് എന്തുകൊണ്ട്? അതിന്റെ ഉത്തരം ഇതാണ്: ഇര ചരിത്രമെഴുതുന്നതുവരെ വേട്ടക്കാരൻ പറയുന്ന നുണയും പൊങ്ങച്ചവുമാണ് ചരിത്രം. മതന്യൂനപക്ഷങ്ങൾ രാഷ്ട്രീയ സ്വാധീനംകൊണ്ട് അമിതമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നുവെന്ന് കുറെനാൾ മുമ്പ് ഒരു രാഷ്ട്രീയ നേതാവ് പറഞ്ഞത് ഓർമയില്ലേ?

എന്നാൽ ഇവിടെ അനർഹമായ ആനുകൂല്യങ്ങൾ നേടിയെടുത്ത് സകലർക്കും മേൽ ആധിപത്യം ഉറപ്പിച്ച ഒരു മതന്യൂനപക്ഷത്തെക്കുറിച്ചാണ് ഞാൻ എന്റെ സന്ദേഹങ്ങൾ വെളിവാക്കുന്നത്.



മഹാഭാരതം വായിക്കുമ്പോൾ ഇന്ത്യക്കാരെ ലോകത്തിന്റെ മഹത്തായ സംസ്കാരത്തിന്റെ അവകാശികളാക്കി തീർക്കുന്നത് ആ ഇതിഹാസകാവ്യങ്ങളാണെന്ന് അംഗീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യമാണ്. ലോകത്തിലെ ഏറ്റവും വിശിഷ്ടമായ ഭാഷകളിൽ ഒന്നെന്ന് ലോകം സമ്മതിക്കുന്ന സംസ്കൃതത്തിൽ എഴുതപ്പെട്ട ആ ഇതിഹാസ കാവ്യങ്ങൾ ഇന്ത്യൻ സംസ്കാരത്തിന്റെ സുവർണ ശൃംഗങ്ങളായി ഉയർന്നു നിൽക്കുന്നു. അപ്പോൾ ഒരു ചോദ്യം, രാമായണം എഴുതിയ വാത്മീകി ആരായിരുന്നു? കാട്ടാളൻ, ആദിവാസി. മഹാഭാരതം എഴുതിയ വ്യാസനോ? ഒരു മുക്കുവത്തിയുടെ മകൻ.

കവികളും കവിതയുമുണ്ടാകുന്നത് സമൂഹം ജീവിക്കുന്ന ഭാഷയിൽ നിന്നാണെന്ന സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ അക്കാലത്ത് ഇന്ത്യയിലെ അടിസ്ഥാന ജനതയുടെ ഭാഷ സംസ്കൃതമായിരുന്നുവെന്ന് അനുമാനിക്കുന്നതിൽ അയുക്തികമായിട്ടെന്തെങ്കിലുമുണ്ടോ? ഇന്ത്യയിലെ അടിസ്ഥാന ജനത അതിവിശിഷ്ടമായ ഒരു ഭാഷയുടെയും സംസ്കാരത്തിന്റെയും ഉടമകളായിരുന്നുവെന്ന യാഥാർത്ഥ്യത്തിന് വേറെയും തെളിവുകളുണ്ട്. എന്നിട്ട് ആ അടിസ്ഥാന ജനതയുടെ ഭാഷയും സംസ്കാരവും അവരിൽ നിന്ന് തട്ടിപ്പറിച്ചത് ആരാണ്? അവരെ അവരുടെ ഭാഷയിൽ നിന്നും സംസ്കാരത്തിൽ നിന്നും നാടുകടത്തിയത് ആരാണ്? അവരോട് അക്ഷരം പഠിക്കരുതെന്നും വേദം കേട്ടാൽ അവരുടെ കാതിൽ ഈയമുരുക്കി ഒഴിക്കണമെന്നും കൽപിച്ചത് ആരാണ്? ആ സാംസ്കാരിക അധിനിവേശം നടത്തിയത് ആരാണ്?

(തുടരും)

This is The Word of God
Dq|#Grxew
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st August 2014
Posted on 15th August 2014
Posted at R.M.S. Kayamkulam

## എന്തിന്നീ കാപട്യം

**ബ്രി**ട്ടീഷ് റൊമാന്റിക് കവികളിൽ പ്രമുഖനായിരുന്നു ലോർഡ് ബൈറൺ എന്നു സാധാരണ അറിയപ്പെട്ടിരുന്ന ജോർജ് ഗോൾഡൺ ബൈറൺ. കവിയായിരുന്ന സാമുവൽ റോജേഴ്സ് ഒരു ദിവസം ബൈറണെ ഒരു അത്താഴവിരുന്നിനു ക്ഷണിച്ചു. ആ അത്താഴവിരുന്നിൽ പങ്കെടുക്കുവാൻ കവികളായിരുന്ന തോമസ് ക്യാമ്പൽ, തോമസ് മൂർ എന്നിവരെയും റോജേഴ്സ് ക്ഷണിച്ചിട്ടുണ്ടായിരുന്നു. അവർ നാലുപേരും കൂടി അത്താഴത്തിനിരുന്നു. ആദ്യം വിളമ്പിയ വിഭവം സൂപ്പായിരുന്നു. ബൈറണു സൂപ്പു നൽകിയപ്പോൾ അദ്ദേഹം അതു നിരസിച്ചു. താൻ സൂപ്പു കുടിക്കാറില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വിശദീകരണം.




അപ്പോൾ പ്രധാന വിഭവം വിളമ്പട്ടെ എന്നു റോജേഴ്സ് ചോദിച്ചു. ഉടനെ ബൈറൺ തലകുലുക്കി. എന്നാൽ, പ്രധാന വിഭവം, മൂരിയിറച്ചി ആണ് എന്നറിഞ്ഞപ്പോൾ ബൈറൺ പറഞ്ഞു: 'സോറി, ഞാൻ ബീഫ് കഴിക്കാറില്ല.'

'അങ്ങനെയെങ്കിൽ മട്ടൺ വിളമ്പിയാലോ?' റോജേഴ്സ് ചോദിച്ചു. ഉടനെ ബൈറൺ പറഞ്ഞു: 'ഞാൻ മട്ടനും കഴിക്കാറില്ല.' ഇറച്ചി കഴിക്കില്ലെങ്കിൽ മീൻ എങ്കിലും കഴിക്കുമെന്നു വിചാരിച്ചു റോജേഴ്സ് പറഞ്ഞു: 'നല്ല മീൻ ഉണ്ട്. അതു ഞാൻ വിളമ്പട്ടെ.' അപ്പോൾ ബൈറൺ പറഞ്ഞു: 'ഞാൻ ഒരിക്കലും മീൻ കഴിക്കാറില്ല.' 'എങ്കിൽ ഞാൻ അല്പം വീഞ്ഞു തരട്ടേ? റോജേഴ്സ് ചോദിച്ചു. അപ്പോഴും മറുപടി നിഷേധാത്മകമായിരുന്നു. താൻ ഒരിക്കലും വീഞ്ഞു രുചിച്ചു പോലും നോക്കിയിട്ടില്ലെന്നായിരുന്നു ബൈറന്റെ വിശദീകരണം. താൻ തയാറാക്കി വച്ചിരുന്നതൊന്നും ബൈറൺ കഴിക്കുന്നില്ലെന്നു കണ്ടപ്പോൾ റോജേഴ്സ് ചോദിച്ചു: 'അപ്പോൾപ്പിന്നെ നിങ്ങൾ എന്താണു ഭക്ഷിക്കാറുള്ളത്?' ഉടനെ ഒരു പുഞ്ചിരിയോടെ ബൈറൺ പറഞ്ഞു: 'മധുരമില്ലാത്ത ബിസ്കറ്റും സോഡായും മാത്രം.'

അന്നു റോജേഴ്സിന്റെ മേശയിൽ ബിസ്കറ്റും സോഡയും ഉണ്ടായിരുന്നില്ല. തന്മൂലം മേശയിലുണ്ടായിരുന്ന പുഴുങ്ങിയ ഉരുളൻ കിഴങ്ങിൽ വിനാഗിരി ഒഴിച്ചു ബൈറൺ കഴിക്കുയാണു ചെയ്തത്. ബൈറണും മറ്റു കവികളും രാത്രി ഏറെ നേരം സാഹിത്യകാര്യങ്ങളെക്കുറിച്ചു ചർച്ച നടത്തി. അതിനുശേഷം അവർ പിരിഞ്ഞു.

കുറേ ദിവസം കഴിഞ്ഞപ്പോൾ ബൈറണെ പരിചയമുള്ള മറ്റൊരു സാഹിത്യകാരനായ ഹോബ്ഹൗസിനെ റോജേഴ്സ് കണ്ടുമുട്ടി. അപ്പോൾ അദ്ദേഹം ഹോബ്ഹൗസിനോടു ചോദിച്ചു: 'ബൈറൺ തന്റെ ഇപ്പോഴത്തെ ഭക്ഷണക്രമം എത്രനാളത്തേക്കു തുടരും?' ഉടനെ ഹോബ്ഹൗസ് പറഞ്ഞു: മറ്റുള്ളവർ എത്രകാലം ഇതു ശ്രദ്ധിക്കുമോ, അത്രയും കാലം വരെ.'

'ടേബിൾ ടോക്ക്' എന്ന ഗ്രന്ഥത്തിൽ റോജേഴ്സ് ഈ കഥ പറയുന്നതിന്റെ കൂടെ മറ്റൊരു കാര്യം കൂടി പറയുന്നുണ്ട്. അന്നു റോജേഴ്സിന്റെ അത്താഴവിരുന്നിൽ പങ്കെടുത്തതിനുശേഷം ബൈറൺ നേരെ പോയതു ലണ്ടനിലെ സെന്റ് ജെയിംസ് സ്ട്രീറ്റിലുള്ള നല്ലൊരു റസ്റ്ററന്റിലേക്കായിരുന്നു. അവിടെ എത്തിയ അദ്ദേഹം ബീഫ് ഉൾപ്പെടെയുള്ള വിഭവസമൃദ്ധമായ ഭക്ഷണം കഴിച്ചതിനു ശേഷമായിരുന്നത്രേ തന്റെ വീട്ടിലേക്കു മടങ്ങിയത്.

എന്തിനു വേണ്ടിയായിരുന്നു ബൈറൺ ഇത്രയേറെ കാപട്യം കാണിച്ചത്? മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുവാനോ? അതോ താൻ മറ്റുള്ളവരേക്കാൾ കേമനാണെന്നു മാലോകരെ ബോധ്യപ്പെടുത്താനോ? ഒരു കപടനാടകം അഭിനയിച്ചതുവഴിയായി മറ്റുള്ളവരുടെ അംഗീകാരവും ആദരവും കൂടുതലായി ലഭിക്കുമെന്ന് അദ്ദേഹം കരുതിക്കാണും. കാപട്യത്തെക്കുറിച്ചുള്ള അവബോധക്കുറവാകാം യാതൊരു മടിയുമില്ലാതെ പൊയ്മുഖം ധരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

നമ്മുടെ ജീവിതത്തിൽ കാപട്യം കടന്നുവരാതിരിക്കുവാൻ നമുക്ക് എപ്പോഴും ശ്രദ്ധിക്കാം. മറ്റുള്ളവരുടെ മുമ്പിൽ നല്ലവരായി കാണപ്പെടുന്നിതിനു പകരം നമുക്കു യഥാർത്ഥത്തിൽ നല്ലവരായിത്തീരാം. അപ്പോൾ പൊയ്മുഖം അണിയേണ്ട ദയനീയസ്ഥിതി നമുക്കുണ്ടാവില്ല.



**ഡയെയ്ലോഗ്**
ടൈറ്റസ് കാർത്തികപ്പള്ളി

☺മോദി ഭരണത്തിൽ കയറി. ഇനിയെന്ത്.

*ജോമോൻ കാവുങ്കൽ,ചിന്നാർ,4-ാംമൈൽ, ഏലപ്പാറ*

☹**നമ്മളും ആത്മീയമോടി കൂട്ടുകതന്നെ.**

☺വചനം പ്രസംഗിക്കുന്ന കൃപാവരപ്രാപ്തർ സ്കൂളിൽ പോകേണ്ടതുണ്ടോ.

*കെ.എം.ചെറിയാൻ,കാരയ്ക്കാട്,കോട്ട,പത്തനംതിട്ട*

☹**സ്കൂളിൽ പോയിട്ടുള്ളവർ പറയുന്നത് അംഗീകരിച്ചാലും മതി.**

☺കേന്ദ്രത്തിൽ താമര വിരിയാൻ കാരണം.

*മാത്യു ജോസഫ്,കാരിക്കയം,പടയണിപ്പാറ,ചിറ്റാർ*

☹**ആത്മീയർ ആത്മീയം ചവിട്ടിക്കുഴച്ച് ചെളിയാക്കി താലത്തിൽ വച്ചു കൊടുത്തപ്പോൾ പണ്ട് പഴം കൊടുത്ത് പറ്റിച്ച പാർട്ടി അവിടെ താമര നട്ടു.**

☺ ആത്മീയ നേതാക്കന്മാരുടെ കാര്യത്തിൽ നിങ്ങൾ സത്യം വളച്ചൊടിക്കുകയാണെന്ന് പറഞ്ഞാൽ.

*പി.എം. ജോയിക്കുട്ടി, നെല്ലിമുകൾ,അടൂർ, പത്തനംതിട്ട*

☹**വിഴുങ്ങാനും ദഹിക്കാനും ബുദ്ധിമുട്ടായതുകൊണ്ടാണ് വളച്ചൊടിക്കുന്നത്.**

☺സഭാനേതാക്കളിൽ പലർക്കും വിവരവും വിവേകവുമുണ്ട്. പക്ഷെ...

*ഷെറിൻ വർഗ്ഗീസ്,കോടികുളം,പാറപ്പുഴ,തൊടുപുഴ*

☹ **അവരെക്കൊണ്ട് ദൈവത്തിന് ഒരു പ്രയോജനവുമില്ല.**

☺സത്യത്തിൽ ഇന്നു കാണുന്ന വിശ്വാസങ്ങളിൽ ഏതാണ് ശരി.

*ആനി മേരിവർഗ്ഗീസ്,പൈങ്ങുട്ടി,ഇലഞ്ഞി,പിറവം*

☹**വിശ്വാസം പലതാകാം. പക്ഷെ സത്യം ഒന്നേയുള്ളു.**

☺ഭൗതിക ഉന്നതിയിൽ ആയിരിക്കുന്ന, ഫ്ളക്സുകളിൽ വിലസുന്ന ആത്മീയ ലോകത്തെ സ്റ്റാറുകളെ കാണുമ്പോൾ...

*വി.എ.തോമസുകുട്ടി, മുള്ളിപ്ര, കാരകുളം, തിരുവനന്തപുരം*

☹**മുടിയൻപുത്രന്റെ കഥ ഓർമ്മവരുന്നു.**

## ആവിഷ്ക്കാരസ്വാതന്ത്ര്യവും അപവാദ പ്രചരണവും

**ആ**വിഷ്കാര സ്വാതന്ത്ര്യം എന്നാൽ അപവാദപ്രചാരണ സ്വാതന്ത്ര്യമോ അല്ലെങ്കിൽ കച്ചവട സ്വാതന്ത്ര്യമോ എന്ന സംശയം അടുത്തകാലത്തായി ശക്തമാവുകയാണ്. ആർക്കും ആരെക്കുറിച്ചും എന്തും പറയാനുള്ള സ്വാതന്ത്ര്യമായി ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ മനസിലാക്കുന്നത് അപകടമാണ്. സ്വാതന്ത്ര്യം എന്നാൽ തന്നെ തോന്നിയത് ചെയ്യാനുള്ള സാധ്യതയല്ല. നന്മയും തിന്മയും ചെയ്യാനുള്ള അവകാശവുമല്ല അത്. നന്മ തെരഞ്ഞെടുക്കുവാനും തിന്മ ഉപേക്ഷിക്കാനുമുള്ള സാധ്യതയാണത്. കാല്പനിക സൃഷ്ടികൾക്കുള്ള സ്വാതന്ത്ര്യവും ചരിത്ര സൃഷ്ടികൾക്കുള്ള സ്വാതന്ത്ര്യവും തമ്മിൽ വ്യത്യാസമുണ്ട്. കാല്പനിക സംഭവങ്ങളെക്കാൾ കാല്പനികഭാവമുള്ള ചരിത്ര സംഭവങ്ങളുണ്ട്. സംഭവങ്ങൾ ഒരിക്കലും ഭാവനയുടെ കണ്ടെത്തലുകളല്ല. അവ സംഭവിച്ചവയാണ്. ചരിത്ര വ്യക്തികളെക്കുറിച്ചും അവരുടെ ജീവിതത്തെക്കുറിച്ചും ഭാവനാപരമായി അപവാദപ്രചരണം നടത്തുന്നതിനുള്ള രചനകൾ അപവാദങ്ങളാണ്. അതുകൊണ്ട് തന്നെ അവ ആവിഷ്കാര സ്വാതന്ത്ര്യത്തിൽ പെടുന്നില്ല. ചരിത്ര വ്യക്തികളെക്കുറിച്ചു തോന്ന്യാസങ്ങൾ രചിക്കാൻ ആർക്കും അവകാശമില്ല. അതും ജനം ഏറെ ആദരിക്കുന്ന വ്യക്തികളെക്കുറിച്ച്. നിശ്ചയമായും അവരെക്കുറിച്ചു പറയുന്ന അപവാദങ്ങൾക്ക് കച്ചവടസാധ്യത കൂടുതലുണ്ട്. കച്ചവടക്കണ്ണോടെ ഇത്തരം സൃഷ്ടികളുമായി സമൂഹത്തിലേക്ക് വരാൻ ഒരു നിയമവും ആർക്കും അവകാശം കൊടുക്കുന്നില്ല. ഇത്തരം അപവാദകച്ചവടക്കാരോട് അപമാനിക്കപ്പെടുന്ന വ്യക്തിത്വങ്ങളെ ആദരിക്കുന്നവർ വികാരപരമായി പെരുമാറിയാൽ അത് അപവാദകച്ചവടക്കാർ കാണിക്കുന്ന അന്തസില്ലാത്ത പ്രവൃത്തി പോലെ മറ്റൊരു പ്രവൃത്തിയായി കണക്കാക്കാനാകണം. തെറിക്കുത്തരം മുറിപ്പത്തൽ എന്ന് ചൊല്ലുള്ള ഭാഷയാണ് മലയാളം. അപവാദപ്രചരണത്തിലൂടെ പത്തുകാശുണ്ടാക്കുന്നതും അതിനു മറയായി ആവിഷ്കാരസ്വാതന്ത്ര്യം എന്ന് അവകാശപ്പെടുന്നതും, തെറിക്കുത്തരം മുറിപ്പത്തൽ എന്ന് കരുതുന്നതുപോലെ പരിഷ്കൃതസമൂഹത്തിന് ചേർന്ന സമീപനമല്ല.







Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally